79

# ഒരു അവസാന വാക്ക്

## (28:11- 31)

ഒരു പുസ്തകം തുടർക്കഥ ആവശ്യപ്പെടുന്നു എങ്കിൽ, അതു പ്രവൃത്തികളുടെ പുസ്തകം ആണ്. പൗലൊസ് എഫെസൊസിൽ ആയിരുന്നപ്പോൾ, അവൻ പറഞ്ഞു, "... ഞാൻ റോമയും ... കാണേണം" (പ്രവൃ ത്തികൾ 19:21). റോമയിലുള്ള ക്രിസ്ത്യാനികൾക്കു എഴുതുമ്പോൾ, സ്പാനിയിലേക്കു പോകുന്നതു സൂചിപ്പിച്ചശേഷം പറഞ്ഞു, "ഞാൻ സ്പാന്യയിലെക്കു യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്കു നിങ്ങളെ കാൺമാനും, ആദ്യം നിങ്ങളെ സന്തോഷിപ്പിച്ച ശേഷം, നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു" (റോമർ 15:24). പൗലൊസിനെ യെരുശലേമിൽ പിടിച്ചപ്പോൾ, യേശു അവന്നു ഉറപ്പു നല്കിയിരുന്നു, "ധൈര്യമായിരിക്ക നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ, റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നു അരുളിച്ചെയ്തു" (പ്രവൃത്തികൾ 23:11). റോമയിലേക്കുള്ള യാത്രയിൽ കൊടുങ്കാറ്റടിച്ചപ്പോൾ, ഒരു ദൂതൻ അവനോടു: "പൗലൊസേ, ഭയപ്പെടരുത്; നീ കൈസരുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു" (പ്രവൃത്തികൾ 27:24).

നമ്മുടെ വേദഭാഗമായ, 28:11–31–ൽ, അവസാനം പൗലൊസ് ചക്രവർത്തിയുടെ ആസ്ഥാന പട്ടണത്തിൽ എത്തുന്നതു കാണാം. കൈസരുടെ മുമ്പിൽ പൗലൊസിന്റെ പ്രതിവാദം എന്തായിരിക്കും എന്നു നാം ആകുലപ്പെട്ടുകൊണ്ടിരിക്കയാവും. അവൻ അവിടെ കുറ്റവാളിയായി വിധിക്കപ്പെട്ടോ അതോ മോചിക്കപ്പെട്ടോ? അവൻ തീരുമാനിച്ച പ്രകാരം സ്പാന്യയിലേക്കു സുവിശേഷവുമായി പോകാൻ അവനു കഴിഞ്ഞോ? എങ്ങനെയായാലും, ലൂക്കൊസ്, ഈ വാക്കുകളാൽ പുസ്തകം അവസാനിപ്പിക്കുകയാണ്: "അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവൽസരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു, പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രസംഗിച്ചും, യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും കൊണ്ടിരുന്നു" (28:30, 31).[1] പൗലൊസിന്റെ സംഭവം അറിഞ്ഞ നമുക്ക്, അവസാനിക്കുന്നതു താഴ്ന്ന വിധത്തിലാണ്.

ഒരു പുസ്തകത്തിന്റെ "ആകസ്മികമായ" അന്ത്യം ഒരു തുടർ കഥയെ സംബന്ധിച്ചു ഊഹാപോഹത്തിനിടയാക്കും. ലൂക്കൊസ് എഴുതുവാൻ ഉദ്ദേശിച്ച തുടർക്കഥ അവനെഴുതിയില്ല? ലൂക്കൊസ് എഴുതിയ തുടർക്കഥ നഷ്ടപ്പെട്ടതാണോ? മൂന്നാമതൊരു വാക്യം ലൂക്കൊസ് എഴു

തുവാൻ ഉദ്ദേശിച്ച സൂചന ഒന്നും നമുക്ക് ഇല്ല. പിന്നെ, എന്തിനു, ലൂക്കൊസ് - പരിശുദ്ധ നിയോഗത്താൽ - പ്രവൃത്തികളുടെ പുസ്തകം അങ്ങനെ അവസാനിപ്പിച്ചു? പൗലൊസിന്റെ ജീവചരിത്രം എഴുതുകയായിരുന്നില്ല ലൂക്കൊസിന്റെ ഉദ്ദേശം, എന്നാൽ സുവിശേഷം എങ്ങനെ റോമയിൽ എത്തി വർദ്ധിച്ചു എന്നു പറയുകയായിരുന്നു. നാം ഈ ഉദ്ദേശം മനസിൽ സൂക്ഷിച്ചാൽ, അവസാനിപ്പിക്കുന്നതു നിരാശയോടെ കാണുകയില്ല, മറിച്ച് വിജയ ശബ്ദമായിക്കാണും! എല്ലാ തടസ്സങ്ങളും ഉണ്ടായിട്ടും, ദൈവം തന്റെ ഉദ്ദേശം നേടിയെടുത്തു!

അവസാനിപ്പിക്കുന്ന വാക്യങ്ങളിലെ താക്കോൽ വാക്ക് "വിഘ്നപ്പെടുത്താതെ" എന്നതാണ്: "അവൻ [പൗലൊസ്] കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു, പൂർണ്ണപ്രാഗത്ഭ്യത്തോടെ, *വിഘ്നം കൂടാതെ,* ക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു" (ഊന്നൽ എന്റേത്). മൂലഗ്രന്ഥത്തിൽ, ഈ വാക്ക് ഊന്നൽ നല്കുന്നതിനു അവസാനമാണ് കൊടുത്തിരിക്കുന്നത്, എൻ.എ.എസ്.ബി തർജ്ജിമക്കാരും അങ്ങനെയാണ് കൊടുത്തിരിക്കുന്നത്. ഈ വിശാലമായ സാമ്രാജ്യ ഹൃദയത്തിൽ, സുവിശേഷത്തെ അടിച്ചമർത്താൻ വിചാരിച്ചവർക്കും വിഘ്നം വരുത്താൻ കഴിഞ്ഞില്ല: റോമൻ അധികാരികളിൽ *വിഘ്നം വരുത്താതെ*, യെഹൂദ പ്രമാണിമാരാൽ *വിഘ്നം വരുത്താതെ*, സാത്താനാൽ *വിഘ്നം വരുത്താതെ* ഇരുന്നു. യേശുക്രിസ്തുവിന്റെ സുവാർത്ത തലസ്ഥാന നഗരത്തിൽ നിന്നു സ്വതന്ത്രമായി വ്യാപിച്ചു - കിടക്കുന്ന എല്ലാ ഭാഗങ്ങളിലേക്കും സ്വതന്ത്രമായി ഒഴുക്കിക്കൊണ്ടിരുന്നു! 30 ഉം 31 ഉം വാക്യങ്ങൾ നിങ്ങൾ വായിക്കുമ്പോൾ, ലൂക്കൊസ് അതെഴുതിയത്: ഹൃദയ സന്തോഷത്തോടെയാണ്!

"അവസാനത്തെ വാക്ക്" അക്ഷരികമായി "വിഘ്നം കൂടാതെ" എന്നാകയാൽ, ഈ പാഠത്തിൽ *ഏറെക്കുറെ* വാക്യങ്ങൾ 11 മുതൽ 31 വരെ ദൈവം നിഷേധത്തെ ക്രിയാത്മകമാക്കി മാറ്റുന്നതായി നമുക്ക് കാണാം.

## യാത്രയെ കുറിച്ച് ഒരു അവസാന വാക്ക്
## (28:11-16)

### താമസം കൊണ്ട് വിഘ്നം വരുത്താതെ (വാക്യം 11)

പൗലൊസും കൂട്ടരും മൂന്നുമാസം മെലിത്തയിൽ ചെലവഴിച്ചു (വാക്യം 11) - അതു ഒരുപക്ഷെ നവംബർ, ഡിസംബർ, ജാനുവരി ആകാം. പൗലൊസ് മെലിത്ത ദ്വീപിൽ മൂന്നുമാസം ആയിരിപ്പാൻ ദൈവം ആഗ്രഹിച്ചത് എന്തിനാണെന്നു നമുക്ക് അറിയില്ല. പൗലൊസിനു വിശ്രമിക്കുവാനും ആരോഗ്യം വീണ്ടെടുക്കാനും ആയിരുന്നോ? തന്റെ കൈസര്യയിലെ രണ്ടു - വർഷക്കാലത്തെ ജീവിതം തന്റെ കഴിവുകൾ മുരടിച്ചു പോയതു മൂർച്ച വരുത്തുന്നതിനു വേണ്ടി ആയിരുന്നോ? അതോ ദ്വീപുവാസികൾക്കു ക്രിസ്ത്യാനികൾ ആകുവാൻ ഒരു സന്ദർഭം കൊടുക്കുകയായിരുന്നോ? ദൈവകാരണങ്ങൾ എന്തായാലും, മുൻപ് ഒരു പാഠ

ത്തിൽ കണ്ടതുപോലെ - ആ താമസം കരുണാപൂർവ്വമായിരുന്നു പൗലൊസ് പ്രതികരിച്ചത്.

**അന്ധവിശ്വാസത്താൽ വിഘ്നം വരുത്തിയില്ല (വാക്യം 11)**

ശൈത്യമാസങ്ങളിൽ, റോമൻ ശതാധിപൻ ആയിരുന്ന യൂലിയൊസ്, പൗലൊസിനെയും മറ്റു തടവുകാരെയും റോമയിൽ എത്തിക്കേണ്ടതിനു, മറ്റൊരു അലെക്സന്ത്രിയക്കപ്പൽ നോക്കിയിരുന്നു (27:6; 28:11). ഈ കപ്പൽ ഒരുപക്ഷെ ശൈത്യകാലത്തിൽ, വാലേറ്റ തുറമുഖത്തു, മദ്ധ്യധരണ്യാഴി കടലിലെ വടക്കുപടിഞ്ഞാറുള്ള ഒരു വലിയതുറമുഖമായിരുന്നു അത്.

കപ്പൽ മൂന്നു നാലുദിവസങ്ങൾക്കുള്ളിൽ ലക്ഷ്യസ്ഥാനത്തെത്താവുന്ന ദൂരത്ത് എങ്കിലും ശൈത്യം കാരണം കപ്പൽ ഉടമക്കു കപ്പൽ നിർത്തിയിടേണ്ടി വന്നു, അയാൾക്ക് യാത്ര പൂർത്തിയാക്കാൻ ആകാംഷയായിരുന്നു. ആദ്യം ലഭിച്ച അവസരത്തിൽ, അവൻ യാത്ര പുനരാരംഭിച്ചു.[2]

ആ കപ്പലിനെ കുറിച്ചു, ലൂക്കൊസ് ഒരു കുറിപ്പ് കൂട്ടിച്ചേർത്തു: “അശ്വിനി ചിഹ്നമുള്ളോരു കപ്പൽ” (വാക്യം 11). ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്ത “ടിൻ ബ്രദേഴ്സിന്റെ” അർത്ഥം “സൺസ് ഓഫ് സൂയസ്” എന്നാണ്. ഗ്രീക്ക് - റോമൻ ഇതിഹാസം അനുസരിച്ച്, കാസ്റ്ററും പോളക്സും ആയിരുന്നു (കെജെവി നോക്കുക) സൂയസിന്റെ (ജൂപ്പിറ്റർ) ഇരട്ടമക്കൾ.[3] ഈ സഹോദരന്മാരെ കപ്പിത്താന്മാരുടെ രക്ഷാധികാരി ദൈവങ്ങളായി കണക്കാക്കിയിരുന്നു.[4] അലെക്സന്ത്രിയ കപ്പലിന്റെ ഇരട്ട അണിയം കൊത്തു പണി ചെയ്തു പെയിന്റ് ചെയ്തതായിരുന്നു.

ലൂക്കൊസ് അതിൽ ഉണ്ടായിരുന്നു എന്ന് സ്ഥീരികരിക്കുന്നതായിരുന്നു അവന്റെ വിവരണം;[5] ഒരു ദൃക്സാക്ഷിയുടെ നിസാരമായ വിവരം പോലും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം - നൂറ്റാണ്ടിലെ സുവിശേഷകന്മാർ അന്നു അന്ധവിശ്വാസത്തെ അഭിമുഖീകരിച്ചിരുന്നു എന്നതിന്റെ അടയാളം കൂടി ആണ് അത് (ഇന്നും ലോകത്തിൽ അനേകർ അന്ധവിശ്വാസത്തെ നേരിട്ടുകൊണ്ടിരിക്കുന്നു). ഒരു വസ്തുത തീർച്ചയായിരുന്നു: കടൽസഞ്ചാരികളുടെ ദേവന്മാർ എന്നു പറയ - പ്പെടുന്നവർ കഴിഞ്ഞ അലെക്സന്ത്രിയ കപ്പൽയാത്രക്കാർക്ക് ഒന്നും ചെയ്തില്ല! അവർ അവരുടെ ജീവിതങ്ങൾക്കു *സത്യ*ദൈവത്തോടു കപ്പെട്ടിരിക്കുന്നു, “ഏക ദൈവമായ, പിതാവിൽ നിന്നാണ്, സകലവും സാധിക്കുന്നത്” (1 കൊരിന്ത്യർ 8:6; പ്രവൃത്തികൾ 27:24 ഉം നോക്കുക).

**കാലാവസ്ഥ വിഘ്നം വരുത്തിയില്ല (വാക്യങ്ങൾ 12, 13)**

യാത്രയുടെ ആരംഭത്തിൽ, പ്രതികൂലമായ കാറ്റ് വിഘ്നം വരുത്തിയിരുന്നു (പ്രവൃത്തികൾ 27:4). ഇപ്പോൾ, അധികം ബുദ്ധിമുട്ടുകാടാതെ കപ്പൽ ലക്ഷ്യസ്ഥാനത്ത് എത്തി. ആദ്യം കപ്പൽ വടക്കു കിഴക്കോട്ട് യാത്ര ചെയ്തു, സിസിലിയുടെ തലസ്ഥാനമായ സുറക്കുസയിൽ എത്തി.[6] ലൂക്കൊസ് പറഞ്ഞു: “സുറക്കൂസയിൽ കരക്കിറങ്ങി, മൂന്നു നാൾ പാർത്തു” (28:12). കപ്പലിന്റെ ഉത്തരവാദപ്പെട്ടവർ മൂന്നുദിവസം ഒരുപക്ഷെ

അവരുടെ വ്യാപാരങ്ങൾക്കായോ, അല്ലെങ്കിൽ അവർക്കു കരയിടുക്ക് മെസിനാ വഴി പോകുവാനുള്ള അനുകൂല കാറ്റിനു വേണ്ടി കാത്തിരുന്നതുമാകാം. ആ കടലിടുക്ക് അപകടകരവും കഠിനവും ആയ ഒഴുക്കും നീർച്ചുഴിയും ഉള്ളതായിരുന്നു.[7] ഇരുപത്തി - നാലു മണിക്കൂറിനുള്ളിൽ എഴുപതുമൈൽ അകലെ എത്തുവാൻ അവർക്കു ശക്തമായ കാറ്റ് ആവശ്യമായിരുന്നു.

അവസാനം അവർ സുറക്കൂസയിൽ നിന്നു പുറപ്പെട്ടു. “അവിടെ നിന്നു ചുറ്റി ഓടി[8] രെഗ്യോനിൽ എത്തി” (വാക്യം 13), ഇതല്യ ബൂട്ടിന്റെ ഉപ്പൂറ്റി ആയിരുന്നു അത്. രെഗ്യാനിൽ നിന്നു, അവർ തീരം വഴി ഇരുന്നൂറു മൈൽ വടക്കുള്ള, വ്യാപാരതുറമുഖമായ പുതൊല്യയിൽ എത്തി. “ഒരു ദിവസം കഴിഞ്ഞു തെക്കങ്കാറ്റു അടിച്ചു” (വാക്യം 13), അതു അവരുടെ യാത്രയെ സഹായിച്ചു. അവർ ഇതല്യയുടെ പടിഞ്ഞാറൻ തീരത്തുകൂടെ സഞ്ചരിച്ചപ്പോൾ, “അവർ ഒരുപക്ഷെ സംശയരഹിതമായ പോംപെലി പട്ടണത്തിലെ, വെമ്പുവിയസിൽ എത്തി.”[9] വളരെ വേഗത്തിൽ, “രണ്ടാം ദിവസം [അവർ] പുത്യൊലിയിൽ എത്തി” (വാക്യം 13).

പുത്യൊലി, ഔപ്ളെസ് ഉൾക്കടലിനു തീരത്തു സ്ഥിതി ചെയ്യുന്ന, റോമിന്റെ പ്രധാന തുറമുഖമായിരുന്നു. പൗലൊസും ശേഷം പേരും തിക്കും തിരക്കും ഉള്ള തുറമുഖത്തേക്കിറങ്ങി എഴുപത്തി-അഞ്ചുമൈൽ നടന്നു റോമയിലേക്കു പോയി.

**ആശങ്കയാൽ വിഘ്നം വരുത്താതെ (വാക്യങ്ങൾ 14, 15)**

എപ്പോഴും സന്ദർശിക്കുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തേക്കു യാത്ര ചെയ്യുമ്പോൾ, ലക്ഷ്യസ്ഥാനത്തിനടുത്ത് എത്തുമ്പോൾ നിങ്ങൾക്ക് എപ്പോഴെങ്കിലും ആശങ്ക ഉണ്ടായിട്ടുണ്ടോ? പുത്യൊലിയുടെ തീരത്തു പൗലൊസ് നിന്നപ്പോൾ, അവൻ സ്പഷ്ടമായും ആകാംഷ നിറഞ്ഞവനായിരുന്നു (വാക്യം 15 ന്റെ അവസാനം നോക്കുക). റോമിന്റെ ശക്തിയെ തെളിയിച്ചുകൊണ്ട്, വടക്ക് യുദ്ധക്കപ്പലുകൾ കിടക്കുന്നു. തൊട്ടടുത്ത് റോമിന്റെ ലൗകിക സമ്പത്തിന്റെ അടയാളമായി, ഉല്ലാസ ബോട്ടുകൾ കിടക്കുന്നു. ഈ ലോകപ്രകാരമുള്ള വെല്ലുവിളികൾ കൂടാതെ, അവൻ ഒരു റോമാ തടവുകാരനായി ചെല്ലുമ്പോൾ, സഹോദരന്മാർ അവനെ എങ്ങനെ സ്വീകരിക്കുമെന്ന അങ്കലാപ്പും ഉണ്ട്.[10]

“അവൻ മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമാണെന്ന്” ദൈവം ഒരിക്കൽ തെളിയിച്ചു (2 കൊരിന്ത്യർ 1:3). “ചില സഹോദരന്മാരെ” പുത്യൊലിയിൽ കണ്ടപ്പോൾ പൗലൊസ് വല്ലാതെ അതിശയിച്ചു (വാക്യം 14). റോമയിൽ നിന്നു തുറമുഖപട്ടണം വരെ സുവിശേഷം വ്യാപിച്ചു കഴിഞ്ഞിരുന്നു. പൗലൊസിനെയും കൂട്ടരെയും സഹോദരന്മാർ “ഏഴുനാൾ നിങ്ങളോടു കൂടെ താമസിക്കേണം എന്ന് അവർ അപേക്ഷിച്ചു” (വാക്യം 14). ഒരുപക്ഷെ പൗലൊസ് അവിടെ എത്തിയതു തിങ്കളാഴ്ച ആയിരിക്കാം അതുകൊണ്ട് ഞായറാഴ്ച അപ്പം നുറുക്കുവാൻ കൂടി വരുന്നതുവരെ താമസിക്കുവാൻ അവർ ആവശ്യപ്പെട്ടിരിക്കാം.[11] എങ്ങനെയായാലും, ഒരാഴ്ച്ച മുഴുവനും എന്നു പറയു

മ്പോൾ കർത്തൃദിവസം കൂടെ ഉൾപ്പെടും, ആ സമയത്ത് പൗലൊസിനു ആസ്യയിൽ നിന്നെല്ലാം ഉള്ള സഹോദരങ്ങളുമായി കൂട്ടായ്മ ആസ്വദിക്കാൻ കഴിയും. മുമ്പ് സിദോനിലെന്ന പോലെ (27:3), ശതാധിപൻ പൗലൊസിനെ അവന്റെ സ്നേഹിതന്മാരുമായി വസിപ്പാൻ അനുവദിച്ചു.

റോമൻ ശതാധിപനായിരുന്ന, യൂലിയൊസ്, റോമിനോടടുത്തിട്ടും യാത്ര ഒരാഴ്ച്ച നീട്ടിവെക്കാൻ അനുവദിച്ചതു ഒരു മർമ്മമായിരുന്നു. അവനു അവിടെ എന്തെങ്കിലും ചെയ്യുവാനുണ്ടായിരുന്നോ? തന്റെ കൂടെ ഉണ്ടായിരുന്നവരുടെ ഭക്ഷണത്തിനും മറ്റും ഉണ്ടായിരുന്നതു തീർന്നുപോയിരുന്നതുകൊണ്ട് അതെല്ലാം ശേഖരിക്കുന്നതിനായിരുന്നോ? റോമയിൽ നിന്നു കല്പന കിട്ടുന്നതിനായി കാത്തിരുന്നതാണോ? ഈ സാധ്യതകളൊന്നും തന്നെ നീണ്ട ഏഴു ദിവസങ്ങൾ നീട്ടി വെക്കേണ്ടതായി തോന്നുന്നില്ല. പൗലൊസിനോടുള്ള പ്രത്യേക അടുപ്പം കൊണ്ട് ഒരുപക്ഷെ ഒരാഴ്ച്ച അനുവദിച്ചതാകാം. തീർച്ചയായും അവൻ അപ്പൊസ്തനിൽ സംപ്രീതനായിരുന്നു. അവൻ സുവിശേഷത്താൽ സ്വാധീനിക്കപ്പെട്ടു ക്രിസ്ത്യാനി ആയി തീർന്നിരിക്കാനും, സാധ്യതയുണ്ട്.[12]

പുത്യൊലിയിലെ ഏഴു ദിവസങ്ങളിൽ, പൗലൊസ് റോമയിൽ എത്തിയ വിവരം അവിടത്തെ ക്രിസ്ത്യാനികൾ അറിഞ്ഞു. ഉടനെ, ഒരു കൂട്ടം ആളുകൾ അവനെ കാണുവാൻ വന്നു (വാക്യം 15). റോമാലേഖനം അവസാന അദ്ധ്യായത്തിൽ, റോമയിൽ തനിക്കുണ്ടായിരുന്ന ഇരുപത്തി - ആറു സ്നേഹിതന്മാരുടെ പേർ പറയുന്നുണ്ട്; ആ സ്നേഹിതന്മാർ ഒരുപക്ഷേ തെക്കുമാറി ഉണ്ടായിരുന്ന രണ്ടു കൂട്ടങ്ങളിൽ പെട്ടവർ ആയിരുന്നേക്കാം.

തുറമുഖ പട്ടണത്തിലെ ഒരാഴ്ച്ചക്കുശേഷം, പൗലൊസും മറ്റുള്ള ഉദ്യോഗസ്ഥരും വടക്കോട്ടു യാത്ര ചെയ്തു അപ്യൻ വഴി പോയി, റോമൻ റോഡുകളിൽ വച്ച് ഏറ്റവും പ്രസിദ്ധമായ റോഡായിരുന്നു അത്.[13] അവർ തങ്ങളുടെ പകുതി വഴി പൂർത്തിയാക്കിയപ്പോൾ, അവർ സ്വീകരണക്കമ്മെറ്റിയെ കണ്ടു. ലൂക്കൊസ് എഴുതി, "അവിടത്തെ [റോമയിലെ] സഹോദരന്മാർ, ഞങ്ങളുടെ വർത്തമാനം കേട്ടിട്ടു, അപ്യപുരവും[14] ത്രിമണ്ഡപവും[15] വരെ ഞങ്ങളെ എതിരേറ്റു വന്നു" (വാക്യം 15). ക്ഷീണിതരായ യാത്രക്കാർക്കു വിശ്രമ സ്ഥാനങ്ങളും അപ്പിയൻ വഴിയിൽ ഉണ്ട്, അതു കൊണ്ട് അവിടെ എല്ലാം വ്യാപാരി സംഘങ്ങളുമുണ്ട്. റോമിൽ നിന്നു നാല്പത്തി - മൂന്നു മൈലുകൾ അകലെയാണ്, ഒരു വിശ്രമകേന്ദ്രം, അതു അപ്പിയയിലെ ചന്തയായിരുന്നു. മറ്റൊന്നു, തലസ്ഥാന നഗരത്തിനു പത്തു മൈൽ അടുത്തുള്ള, ത്രിമണ്ഡപം എന്നറിയപ്പെട്ടിരുന്നു.[16]

15-ാം വാക്യത്തിലെ "കണ്ടിട്ട്" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതു സൂചിപ്പിക്കുന്നതു "[പൗലൊസിനെ] അവന്റെ യാത്രയുടെ അവസാനം ഉയർന്ന സ്ഥാനത്തുള്ളവരെ പട്ടണത്തിൽ നിന്നു അകമ്പടി സേവിച്ചു സ്വീകരിക്കുന്ന സാങ്കേതിക നാമം ആണ്."[17] ഒരു നായകന്റെ സ്വീകരണം ലഭിച്ചപ്പോൾ പൗലൊസിന്റെ ആശങ്ക മാഞ്ഞു പോയി! അതുകൊണ്ട് ലൂക്കൊസ് പറഞ്ഞ "അവരെ കണ്ടിട്ടു, പൗലൊസ് ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിച്ചു," എന്ന പ്രസ്താവന എഴുതിയതിൽ അതിശയിക്കാനില്ല (വാക്യം 15). പഴയതും പുതിയതുമായ സ്നേഹി

തന്മാർ അവനെ വന്ദനം ചെയ്തപ്പോൾ കണ്ണുനീർ ഒഴുക്കിയതു എനിക്കു കാണാം.

കുറച്ചു കഴിഞ്ഞ്, റോമയിലേക്കുള്ള യാത്ര പുനരാരംഭിച്ചു. അതൊരു കാഴ്ച്ച തന്നെയായിരിക്കും: ഭയ ഭക്തിയുള്ള റോമാ പടയാളികൾ, അപ്രസന്നരായ കുറ്റവാളികൾ, പ്രസന്നവദനരായ ക്രിസ്ത്യാനികൾ എന്നിവർ അപ്പിയൻ വഴി നടന്നു നീങ്ങുന്നു! "പിന്നെ," ലൂക്കൊസ് എഴുതി, "ഞങ്ങൾ റോമയിൽ എത്തി" (വാക്യം 14).

**ഭീഷണിയിൽ വിഘ്നം വരുത്താതെ (വാക്യങ്ങൾ 14, 16)**

"അവർ[18] റോമയിൽ എത്തിയശേഷം,[19] തനിക്കു കാവൽ ആയ പടയാളിയോടു കൂടെ വേറിട്ടു പാർപ്പാൻ,[20] പൗലൊസിനു അനുവാദം കിട്ടി" എന്നു കുറിച്ചുകൊണ്ടാണ്, ലൂക്കൊസ് അവസാനിപ്പിക്കുന്നത് (വാക്യം 16). പൊതു തടവിൽ ആകുന്നതിനു പകരം, പൗലൊസിനെ "കൂലിക്കു വാങ്ങിയ വീട്ടിലായിരുന്നു" താമസിച്ചത് (വാക്യം 30)[21] പടയാളികളായ കാവൽക്കാർക്കൊപ്പം (വാക്യം 20), ബന്ധിച്ച്, വീട്ടുതടങ്കലിൽ ആയിരുന്നു.

വളരെക്കാലമായി എത്തുവാൻ ആഗ്രഹിച്ച പട്ടണത്തിൽ പൗലൊസ് അവസാനം എത്തി. അവന്റെ തടങ്കൽ സ്ഥലത്തേക്കു വീഥികളിലൂടെ നടന്നുപോയപ്പോൾ,[22] അവൻ കണ്ടതും ചിന്തിച്ചതും ഏതെല്ലാം? സാധാരണ പോലെ, ലൂക്കൊസിന്റെ വിവരണം നമ്മുടെ ആകാംഷ അകറ്റുന്നതല്ല. പൗലൊസ് അവിടെ ഒരു സന്ദർശകൻ ആയിട്ടല്ല, മറിച്ച് കർത്താവിന്റെ സാക്ഷിയായിട്ടാണ് പോയത് (23:11). എങ്ങനെയായാലും, നമുക്ക്, ആ വലിയ മനോഹരമായ പുരാതനപട്ടണങ്ങളിലെ പൗലൊസിന്റെ വെല്ലുവിളികളെ നമുക്കു പരിഗണിക്കാം.

തേയ്മാനം വന്ന കല്ലുകൾ ഉള്ള അപ്പിയൻ വഴിയിലൂടെ ഞാൻ നടന്നു പൗലൊസ് പ്രവേശിച്ചിരിക്കുന്ന ഗെയിറ്റിലൂടെയും ഞാൻ കടന്നിട്ടുണ്ട്. ആ പട്ടണം മുഴുവൻ നിറഞ്ഞു നിന്നിരുന്ന അന്യദേവന്മാരുടെ ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. ആ പട്ടണത്തിന്റെ വ്യാപാരത്തിന്റെയും, സാമൂഹ്യവും, മതപരവും, രാഷ്ട്രീയവുമായ കേന്ദ്രങ്ങളുടെ - ചർച്ചാവേദിയുടെ മനോഹരമായ അവശിഷ്ടങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. സാമ്രാജ്യത്തിന്റെ ഓരോ ഭാഗത്തിന്റെയും ദൂരം അളക്കുന്ന സ്വർണ്ണ മൈൽക്കുറ്റികളെ ഞാൻ സ്പർശിച്ചിട്ടുണ്ട്. നീറോയും അവന്റെ രാജധാനി ഇരുന്ന പാലസ്തീൻ കുന്നിൽ, ഞാൻ നിന്നിട്ടുണ്ട്.

പൗലൊസ് റോമയിലേക്കു നയിക്കപ്പെട്ടിട്ടു രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു; എന്നാൽ നിങ്ങളുടെ കണ്ണുകൾ അടെക്കുക, ആ ധനികയും, ദുഷ്ടയുമായ "ലോകത്തിന്റെ പ്രിയതമ" ഒരിക്കൽകൂടെ സജീവമായി. പൗലൊസിന്റെ കാലയളവിലെ ജനക്കൂട്ടത്തെ നോക്കുക: സാമ്രാജ്യത്തെ നിയന്ത്രിച്ചിരുന്നത് ശക്തരായ ധനികർ, ഉദാസീനനായ ദരിദ്രൻ സൗജന്യ അപ്പത്തിനായി ഇരക്കുന്നു, അടിമകൾ തിരക്കോടു കൂടി ആവശ്യമായ ഉല്പന്നങ്ങളും സേവനങ്ങളും നല്കുന്നു. പൗലൊസിനും മറ്റു ക്രിസ്ത്യാനികൾക്കും അവർ റോമയിൽ സുവിശേഷം അറിയിക്കാൻ എത്തിയപ്പോൾ എത്ര അത്യധികമായ വെല്ലുവിളിയാണ് നേരിടേണ്ടി വന്നത്!

മനുഷ്യരുടെ കാര്യങ്ങളെ ഭരിക്കുന്ന ദൈവത്തിനു, എങ്ങനെയായാലും, അത്ര വെല്ലുവിളി, ആയിരുന്നില്ല. അവന്റെ പ്ലാനും ഉദ്ദേശവുമനുസരിച്ച്, രാഷ്ട്രിയ സാമ്രാജ്യത്തിന്റെ കേന്ദ്രം ദൈവരാജ്യത്തിന്റെ സുവിശേഷത്തിന്റെ കേന്ദ്രമായി അവിടെ നിന്നു ലോകത്തിൽ ജനസംഖ്യ വ്യാപിച്ചു കിടക്കുന്ന സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. എല്ലാ റോഡുകളും റോമിലേക്ക് ആയിരുന്നെങ്കിൽ, അവർ റോമിൽ *നിന്നു* – "ലോകത്തിന്റെ അറ്റത്തോളവും സുവിശേഷവും കൊണ്ടെത്തി" (1:8).

"പിന്നെ ഞങ്ങൾ റോമയിൽ എത്തി" എന്നതു, എത്ര പ്രാധാന്യമുള്ള, വാക്കുകൾ ആണ് (28:14)! വർഷങ്ങൾക്കു മുമ്പു തുടങ്ങിയതായ, പൗലൊസിന്റെ യാത്രക്കു, പര്യവസാനമായി, എന്നാൽ ദൈവത്തിന്റെ സുവിശേഷ പ്രവർത്തനത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കമായിരുന്നു അത്.

## യെഹൂദന്മാർക്കുള്ള പൗലൊസിന്റെ സന്ദേശത്തിന്റെ അവസാന വാക്ക് (28:17-29)

### തടങ്കലിനാൽ വിഘ്നം വരുത്താതെ (വാക്യങ്ങൾ 17-23)

പൗലൊസ് റോമർക്കു ലേഖനം എഴുതിയപ്പോൾ താൻ സാധാരണ ചെയ്യാറുള്ളത് സുവിശേഷം "ആദ്യം യെഹൂദനും പിന്നെ യവനനും" എത്തിക്കുക എന്നതായിരുന്നു എന്നു പറയുന്നുണ്ട് (റോമർ 1:16). ഒരു പുതിയ പട്ടണത്തിൽ വ്യത്യാസം കൂടാതെ യെഹൂദന്മാരുടെ പള്ളികളിലായിരുന്നു അവന്റെ പ്രസംഗ ശുശ്രൂഷ (പ്രവൃത്തികൾ 17:1–3). റോമിൽ യെഹൂദ ജനസംഖ്യ വളരെ വലുതായിരിക്കുന്നു അവിടെ ചുരുങ്ങിയതു പത്തു പള്ളികളെങ്കിലും ഉണ്ടായിരുന്നേക്കാം, പക്ഷേ പൗലൊസ് അവയിൽ ഒന്നുപോലും പോകുവാനായി പൗലൊസ് തിരഞ്ഞെടുത്തില്ല. അവൻ ഭയപ്പെട്ടിരുന്നില്ല: അവൻ അവരുടെ അടുക്കൽ പോയില്ലെങ്കിൽ, അവൻ അവരെ അവന്റെ അടുക്കലേക്കു വരുത്തും.

കുറച്ചു ദിവസത്തെ വിശ്രമത്തിനു ശേഷം (ഒരുപക്ഷേ പരിചയം പുതുക്കിയതിനുശേഷം), പൗലൊസ് "യെഹൂദന്മാരിൽ പ്രമാണികളാക്കിയവരെ വിളിപ്പിച്ചു" (28:17): പള്ളികളിലെ മൂപ്പന്മാരെ, ശാസ്ത്രിമാരെ, യെഹൂദ കുടുംബങ്ങളിലെ കുടുംബത്തലവന്ഥന്മാരായ പ്രമാണിമാരെയെല്ലാം വിളിപ്പിച്ചു. യെരുശലേമിലെ യെഹൂദന്മാർക്കുണ്ടായിരുന്ന വെറുപ്പ് ഇവർക്ക് ഉണ്ടോ എന്നറിയാൻ ശ്രമിച്ചതാകാം. കൂടാതെ താൻ ഒരു കുഴപ്പത്തിനും വന്നതല്ല എന്നു വീണ്ടും ഉറപ്പിക്കുക കൂടെ ചെയ്തു. ഏറ്റവും മുഖ്യമായി, അവരിൽ ചിലരെയെങ്കിലും യേശുവിനു വേണ്ടി നേടുവാനും ആഗ്രഹിച്ചു (റോമർ 9:1–5; 10:1).

> മൂന്നു ദിവസം കഴിഞ്ഞിട്ടു അവൻ യെഹൂദന്മാരിൽ പ്രമാണികളായവരെ വിളിപ്പിച്ചു അവർ വന്നു കൂടിയപ്പോൾ, അവരോടു പറഞ്ഞതു, "സഹോദരന്മാരേ, ഞാൻ ജനത്തിനോ, പിതാക്കന്മാരുടെ ആചാരങ്ങൾക്കോ വിരോധം ഒന്നും ചെയ്തിട്ടില്ലാതിരിക്കെ,[23] എന്നെ യെരുശലേമിൽ നിന്നു ബദ്ധനായി റോമാക്കാരുടെ കയ്യിൽ

ഏല്പിച്ചു. അവർ വിസ്തരിച്ചാറെ, മരണയോഗ്യമായതു ഒന്നും എന്നിൽ കാണായ്കയാൽ എന്നെ വിട്ടയപ്പാൻ അവർക്കു മനസ്സു ണ്ടായിരുന്നു. എന്നാൽ യെഹൂദന്മാർ എതിർ പറകയാൽ, ഞാൻ കൈസരെ അഭയം ചൊല്ലേണ്ടി വന്നു; എന്റെ ജാതിയുടെ നേരെ അന്യായം ബോധിപ്പിപ്പാൻ എനിക്കു യാതൊന്നും ഉണ്ടായില്ല താനും. ഇതു ഹേതുവായി, നിങ്ങളെ കണ്ടു സംസാരിക്കേണം എന്നു വെച്ചു, ഞാൻ നിങ്ങളെ വിളിപ്പിച്ചു യിസ്രായേലിന്റെ പ്രത്യാശ നിമിത്തം[24] ആകുന്നു ഞാൻ ഈ ചങ്ങല ചുമക്കുന്നത്"[25] (എബ്രായർ 28:17–20).

പൗലൊസ് മൂന്നു സത്യം പറഞ്ഞു: (1) യെഹൂദന്മാർക്കെതിരെ അവൻ ഒന്നും ചെയ്തിട്ടില്ല; (2) റോമാക്കാർക്കും അവനെതിരെ ഒന്നു മില്ല; (3) യെഹൂദന്മാർക്കെതിരെ അവന്നു ഒന്നുമുണ്ടായിരുന്നില്ല.

നമ്മുടെ പരമ്പരയിൽ, മൂന്ന് *സ്വയം* നോക്കി നന്നാക്കുന്നതിനു ഒരു സംഭവം എങ്ങനെ പറയണമെന്ന് രണ്ടു ഉദാഹരണങ്ങൾ നാം കണ്ടു – 23:26–30 ഉം 25:14–21 ഉം. *മറ്റുള്ളവരെ* ശ്രേഷ്ഠമായി എങ്ങനെ കാണാ മെന്ന മാതൃകയാണ് പൗലൊസിന്റെ പ്രസംഗത്തിൽ നിന്നു നമുക്കു കിട്ടു ന്നത് (സൗമനസ്സ്യം നേടുന്നതിനും): (1) അവൻ തുടങ്ങിയതു കേൾവി ക്കാരെ തിരിച്ചറിഞ്ഞുകൊണ്ടാണ്. അവൻ പറഞ്ഞു "സഹോദരന്മാരെ," "നമ്മുടെ ജനം," "നമ്മുടെ പിതാക്കന്മാർ." (2) തന്നോടു മോശമായി പെരുമാറിയതിനെ അവൻ മൃദുവാക്കി വിവരിച്ചു. കുലപാതകത്തിനു ശ്രമിച്ച പുരുഷാരത്തിൽ നിന്നു "റോമാക്കാരുടെ കൈകളിലേക്കു ... വിടു വിച്ചു." (3) അവൻ തന്റെ കേൾവിക്കാരെയും തന്നോടു തെറ്റു ചെയ്ത വരേയും തമ്മിൽ വേർതിരിച്ചു. തന്നെ അവമാനിച്ചവരെക്കുറിച്ചു പറഞ്ഞ പ്പോൾ, "നിങ്ങൾ യെഹൂദന്മാർ" എന്നു പറഞ്ഞില്ല പക്ഷെ "യെഹൂദ ന്മാർ" എന്നു മാത്രം പറഞ്ഞു. (4) തന്റെ സൗമനസ്യം കേൾവിക്കാർക്കു ഉറപ്പാക്കി. അവൻ ഒരു ആരോപണവും ഉന്നയിച്ചില്ല. തന്റെ കേൾവി ക്കാരെ തിരിച്ചറിഞ്ഞുകൊണ്ടാണ് വീണ്ടും അവൻ അവസാനിപ്പിക്കുന്ന ത്. "യിസ്രായേലിന്റെ പ്രത്യാശ" യെക്കുറിച്ചു ഉപദ്രവം സഹിക്കുക എന്നാൽ എന്താണ് അർത്ഥം എന്നു എല്ലാ യെഹൂദന്മാർക്കും അറിയാ മായിരുന്നു.

യെഹൂദദേശത്തിനെതിരെ നിയമപരമായി ഒരു കുറ്റവും ചുമത്തു ന്നില്ല എന്ന പൗലൊസിന്റെ പ്രസ്താവന യെഹൂദപ്രമാണിമാരോടുള്ള പ്രത്യേക താല്പര്യമായിരുന്നു സൂചിപ്പിച്ചത്. ഒരു വ്യാഴവട്ടക്കാലത്തിനു മുൻപു യെഹൂദന്മാരും ക്രിസ്ത്യാനികളും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ റോമിൽ നിന്നു ക്ലൗദ്യൊസിന്റെ കാലത്ത് എല്ലാ യെഹൂദന്മാരെയും (ക്രിസ്ത്യാനികളെയും) പുറത്താക്കിയിരുന്നു (18:2). അത്തരം കുഴപ്പം ആവർത്തിക്കാൻ യെഹൂദന്മാർ തയ്യാറായില്ല.

പൗലൊസിനോടുള്ള അവരുടെ മറുപടി ശ്രദ്ധയോടെയും എന്നാൽ മാന്യവുമായിരുന്നു. അവർ തുടങ്ങിയത്, "നിന്റെ സംഗതിക്കു യെഹൂദ്യ യിൽ നിന്നു ഞങ്ങൾക്കു കത്തു വരികയോ, സഹോദരന്മാരിൽ ആരും വന്നു നിന്നെക്കൊണ്ടു യാതൊരു ദോഷവും പറകയോ ചെയ്തിട്ടില്ല"

(28:21). പൗലൊസിനെ കുറിച്ചു യെരുശലേമിലെ യെഹൂദന്മാർ റോമയിൽ ഒന്നും അറിയിക്കാതിരിക്കുന്നതിൽ നമുക്ക് അതിശയം തോന്നും.[26] നമുക്ക് അറിയാവുന്നേടത്തോളം, അവർ ഒരിക്കലും അതു ചെയ്തില്ല. അവനെ തിരെ വാസ്തവത്തിൽ ഒരു കേസും ഇല്ലാത്തതുകൊണ്ട്, അവർ അതിനു ഒരുപക്ഷെ മെനക്കിട്ടില്ലായിരിക്കാം. ഒരുപക്ഷെ നൂറു കണക്കിനു മൈൽ അകലെ അവൻ തടവിലായതുകൊണ്ട്, അവർക്കു കുഴപ്പം വരുത്തുവാൻ കഴിയില്ല എന്നു (അവർ വിചാരിച്ച്) സന്തോഷിച്ചു കാണും. കൂടാതെ, പൗലൊസ് പോയതുകൊണ്ട്, ഒരുപക്ഷെ മറ്റു രാഷ്ട്രീയപ്രശ്നങ്ങൾ അവ രുടെ ശ്രദ്ധയെ ആകർഷിച്ചു കാണും - പ്രത്യേകിച്ചു, പാലസ്തീനിൽ റോമൻ ഭരണത്തിനെതിരെ വളർന്നു വന്ന അരാജകത്വം.

റോമൻ പ്രമാണിമാർ പൗലൊസിനെക്കുറിച്ചു മോശമായതൊന്നും കേട്ടില്ലെങ്കിലും, അവൻ സ്വീകരിച്ചതായ മാർഗ്ഗത്തെ കുറിച്ച് അവർ*ക്ക്* നിഷേധ വിവരങ്ങൾ കിട്ടിയിരുന്നു. അവർ മറ്റുള്ളവരെപ്പോലെ ആയിരു ന്നില്ല, അവർ കാര്യം പരിശോധിക്കാൻ മനസ്സുള്ളവർ ആയിരുന്നു. അവർ പൗലൊസിനോടു, "നിന്റെ മതം,[27] ഇന്നതെന്നു നീ തന്നെ പറഞ്ഞു കേൾപ്പാൻ; ആഗ്രഹിക്കുന്നു എന്നു പറഞ്ഞു"[28] (വാക്യം 22). കൂടി വരു വാൻ "ഒരു ദിവസവും നിശ്ചയിച്ചു" (വാക്യം 23) പിരിഞ്ഞു.

**ത്യജിക്കലിനാൽ വിഘ്നം വരുത്താതെ (വാക്യങ്ങൾ 23-29)**

ആ ദിവസം വന്നപ്പോൾ, പൗലൊസിനു നിറഞ്ഞ സദസു ലഭിച്ചിരു ന്നു. "പലരും അവന്റെ പാർപ്പിടത്തിൽ[29] അവന്റെ അടുക്കൽ വന്നു" (വാക്യം 23). അവനു എത്രത്തോളം ആവേശം ഉണ്ടായിക്കാണും. യെഹൂ ദന്മാർ ഒരു നവീകരണ സന്ദർഭം പ്രതീക്ഷിച്ചിരിക്കും, പക്ഷെ അവൻ അതൊരു സുവിശേഷ ശുശ്രൂഷ അവസരമാക്കി. യേശു പറഞ്ഞതു പോലെ, അവനു റോമയിൽ സാക്ഷീകരിക്കുന്നതിനുള്ള അവസരം ലഭിച്ചു (23:11)!

തന്റെ രാജാവിനെയും, രാജ്യത്തെയും പറ്റി ഉപദേശിച്ചുകൊണ്ട് - പൗലൊസ് ഒരു *പ്രത്യാശാ സന്ദേശം* അറിയിക്കാൻ തുടങ്ങി. "അവ രോടു അവൻ ദൈവരാജ്യത്തിനു സാക്ഷ്യം പറഞ്ഞു,[30] മോശെയുടെ ന്യായപ്ര മാണവും പ്രവാചകപുസ്തകങ്ങളും ആധാരമാക്കി, യേശുവിനെക്കുറിച്ചു അവർക്കു ബോധം വരുമാറു രാവിലെ തുടങ്ങി സന്ധ്യ വരെ വിവരിച്ചു"[31] (28:23). അവൻ "രാവിലെ മുതൽ സന്ധ്യ വരെ വിവരിച്ചു" (വാക്യം 23), സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ.[32]

പതിവുപോലെ, പൗലൊസിന്റെ സന്ദേശം ചിലർ സ്വീകരിച്ചു ചിലർ സ്വീകരിച്ചില്ല: "അവൻ പറഞ്ഞതു ചിലർ സമ്മതിച്ചു, ചിലർ വിശ്വസി ച്ചില്ല" (വാക്യം 24). വിശ്വാസികൾക്കും - അവിശ്വാസികൾക്കും ഇടയിൽ ഒരു വാദം ഉയർന്നു: "അവർ തമ്മിൽ യോജിച്ചില്ല" (വാക്യം 25). അന്നു പകൽ മുഴുവൻ ചൂടേറിയ വാദങ്ങൾ ഉയർന്നിരുന്നു (വാക്യം 29).

പകൽ തീരാറായപ്പോൾ, പൗലൊസ് യെശയ്യാവിൽ നിന്നു ഉദ്ധരിച്ച്, *ഒരു ന്യായവിധി പ്രസ്താവന* നടത്തി:

> "നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും, ഗ്രഹിക്കാതിരിക്കും; കണ്ണു

കൊണ്ട് കണ്ടിട്ടും, കാണാതിരിക്കും; ചെവി കൊണ്ടു കേൾക്കാതെയും, ഹൃദയം കൊണ്ട് ഗ്രഹിച്ചു മനം തിരിയാതെയും, ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനു, ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു, അവരുടെ ചെവി കേൾപ്പാൻ മന്ദമായിരിക്കുന്നു, അവരുടെ കണ്ണ് അടച്ചിരിക്കുന്നു എന്നു; ഈ ജനത്തിന്റെ അടുക്കൽ പോയിപറക" എന്നിങ്ങനെ, പരിശുദ്ധാത്മാവു[33] യെശയ്യാ പ്രവാചകൻ[34] മുഖാന്തരം, നിങ്ങളുടെ പിതാക്കന്മാരോടു പറഞ്ഞിരിക്കുന്നതു ശരി തന്നെ (വാക്യങ്ങൾ 25-27).

പ്രവാചകന്റെ വാക്കുകൾ (യെശയ്യാവ് 6:9, 10-ൽ നിന്നാണ്) ഊന്നിപ്പറഞ്ഞിരിക്കുന്നത് ദൈവ വചനത്തെ വകവെക്കാതിരിക്കുന്നതിന്റെ അപകടത്തെ മുന്നറിയിച്ചിരിക്കയാണ്. ദൈവസന്ദേശം ഒരാൾ തുടർച്ചയായി സ്വീകരിക്കാതെ തള്ളിക്കളഞ്ഞാൽ, അയാൾക്കു പിന്നെ അതു സ്വീകരിക്കാൻ *കഴിയാത്ത* രീതിയിൽ കഠിനപ്പെടുന്ന ഒരു സമയം വരും.

യെശയ്യാവ് തന്റെ കാലത്തെ കഠിനഹൃദയനായിരുന്ന യിസ്രായേൽ ജനത്തോട് പറഞ്ഞതാണ് ആ വാക്കുകൾ. പിന്നീട്, യേശുവിനെയും അവന്റെ വാക്കുകളെയും തള്ളിക്കളഞ്ഞ യെഹൂദന്മാരെയും അതു ബാധിക്കുന്നതായി കർത്താവു പറഞ്ഞു (മത്തായി 13:14, 15; മർക്കൊസ് 4:12; ലൂക്കൊസ് 8:10; യോഹന്നാൻ 12:40 ഉം നോക്കുക). വീണ്ടും പിന്നീട്, പൗലൊസ് തന്റെ സഹ യെഹൂദന്മാരെ മശിഹാസന്ദേശം സ്വീകരിക്കാതിരുന്നവരെ അതു ബാധിക്കുന്നതായി അവൻ പറഞ്ഞു (റോമർ 11:8). പ്രവൃത്തികൾ 28:26, 27 ലാണ് ഈ വിഷയത്തിൽ യിസ്രായേലിന്റെ കഠോര ഹൃദയത്തെ ആ വേദഭാഗം ബാധിക്കുന്നതായി;[35] നാലാമത്തേതും അവസാനത്തേതും ആയി ഉപയോഗിച്ചിരിക്കുന്നത്.

മുൻപ്, യെഹൂദന്മാർ പൗലൊസിനെയും സുവിശേഷത്തെയും തള്ളിക്കളഞ്ഞതായി പ്രവൃത്തികൾ 21-25 വരെ പറഞ്ഞിരിക്കുന്നതു യെരുശലേമിന്റെ അവസാനം കിടക്കുന്നതായി നാം കണ്ടു, അതു റോമാക്കാരാൽ എ.ഡി 70-ൽ നശിപ്പിക്കപ്പെട്ടു. പ്രവൃത്തികൾ 28 സൂചിപ്പിക്കുന്നതു ഒരു ജനമായിട്ടുള്ള യെഹൂദന്മാരുടെ "തീർച്ചയായ ത്യജിക്കലാണ്" എന്ന് ചിലർ വിശ്വസിക്കുന്നു[36] - "അതാ യെഹൂദന്മാർക്കു അവസാനമായി ലഭിച്ച വിശുദ്ധ മുന്നറിയിപ്പും"[37] അവർ ശരിയായിരിക്കും.[38]

യെശയ്യാവിന്റെ പ്രസ്താവന ഉദ്ധരിച്ചശേഷം, പൗലൊസ് പറഞ്ഞു, "ആകയാൽ ദൈവം തന്റെ ഈ രക്ഷ ജാതികൾക്കു അയച്ചിരിക്കുന്നു; അവർ കേൾക്കും എന്നു, അറിഞ്ഞുകൊൾവിൻ" (വാക്യം 28). യെഹൂദന്മാരേക്കാൾ, ജാതികൾ സുവിശേഷത്തോടു ശരിയായി പ്രതികരിക്കുമെന്ന് പൗലൊസ് ലളിതമായി പറയുകയാണ്. "*ജാതികൾ രക്ഷാ സന്ദേശം കേൾക്കും* എന്ന അപ്പൊസ്തലന്റെ ഉറപ്പിച്ചു പറയൽ അഹസ്യപ്പെടുത്താതെ ... ചരിത്രം സാക്ഷ്യപ്പെടുത്തുന്നു."[39] എങ്ങനെയായാലും, പൗലൊസിന്റെ വാക്കുകൾ ആഴമേറിയ പ്രാധാന്യം ഉണ്ടാകാൻ, സാധ്യതയുണ്ട്: താൻ "'ആദ്യം യെഹൂദന്മാരുടെ' അടുക്കൽ പോകണം എന്ന കടമ ഇനി അവനെ ബാധിക്കുന്നതല്ല എന്നു പ്രഖ്യാപിക്കുന്നു"[40] "ആദ്യം യെഹൂദന്നു" എന്ന പ്രയോഗം പൗലൊസ് തന്റെ തട

വുലേഖനങ്ങളിലോ പിന്നീടുള്ള ലേഖനങ്ങളിലോ ഉപയോഗിക്കുന്നില്ല എന്നതു ശ്രദ്ധേയമാണ് (1 ഉം 2 ഉം തിമൊഥെയൊസും തിത്തൊസും) ഹോവാഡ് മാർഷൽ പറഞ്ഞു, "ലൂക്കൊസ് [പൗലൊസിനെ] നല്ല ഒരു ഉദാഹരണമായിട്ടാണ് പൊതുവിൽ സഭ പിൻപറ്റേണ്ടതിന്."[41] ഇന്നു, നാം ഒരു പുതിയ സമൂഹത്തിൽ പോകുമ്പോൾ, സുവിശേഷം യെഹൂദന്മാർ - അല്ലാത്തവരോട് സുവിശേഷം അറിയിക്കുന്നതിനു മുൻപ് യെഹൂദന്മാരോട് അറിയിക്കണം എന്ന കടമ നമുക്ക് ഇല്ല.

28-ാം വാക്യത്തിൽ പൗലൊസ് ജാതികൾ എന്നു പറഞ്ഞു ആ ഭാഗം നിർത്തുകയാണ് "അവർ തമ്മിൽ യോജിക്കാതെ പൗലൊസിനെ വിട്ടു പിരിഞ്ഞു പോകുമ്പോൾ അവരോട് ഒരു വാക്ക് പറഞ്ഞു" (വാക്യം 25) - ന്യായവിധിയുടെ വാക്ക് പാശ്ചാത്യപുസ്തകത്തിൽ കാണുന്നതു കൂടെ ചില തർജ്ജിമയിൽ ചേർ2ന്നിട്ടുണ്ട്: "അവൻ ഈ വാക്കുകൾ യെഹൂദന്മാരോടു പറഞ്ഞപ്പോൾ, അവർക്കിടയിൽ വലിയൊരു വാദവുമുണ്ടായി, അവർ വിട്ടുപിരിഞ്ഞുപോയി."

മറ്റു പട്ടണങ്ങളിലേതുപോലെ, പൗലൊസിനെയും അവന്റെ സന്ദേശത്തെയും യെഹൂദന്മാർ തള്ളിക്കളഞ്ഞു. എങ്ങനെയായാലും, ഈ സമയത്ത്, യെഹൂദന്മാർക്ക് അവനെ നിർബന്ധിച്ച് ടൗണിനു പുറത്താക്കാനോ കല്ലെറിഞ്ഞു കൊല്ലുവാനോ കഴിഞ്ഞില്ല (13:50; 14:5, 19), കാരണം അവനെ റോമാ ഗവൺമെന്റ് സംരക്ഷിച്ചു! ദൈവം മർമ്മ2മായി പ്രവർത്തിച്ചു.

## സുവിശേഷത്തെ സംബന്ധിച്ച<br>അവസാന വാക്ക് (28:30, 31)

### ചങ്ങലയാൽ വിഘ്നം വരുത്താതിരുന്നു (വാക്യം 30)

പൗലൊസിന്റെ റോമയിലെ താമസ വിവരണം അവസാനിപ്പിച്ചുകൊണ്ട്, ലൂക്കൊസ് എഴുതി, "അവർ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവൽസരം അവൻ പാർത്തു" (വാക്യം 30). പൗലൊസിന്റെ കേസ് വിചാരണക്ക് എടുക്കുവാൻ ഇതേ സമയം വേണ്ടിവന്നതെന്തുകൊണ്ടാണെന്നു നമുക്ക് അറിയില്ല. ഒരുപക്ഷെ (മുൻപു പറഞ്ഞതുപോലെ). അവനെ കുറ്റം ചുമത്തിയവർ ഒരു വിവരവും അറിയിച്ചില്ല. ഒരുപക്ഷെ കോടതി കൈച്ചീട്ട് വളരെ പിന്നിൽ ആയിരുന്നേക്കാം. കാരണം എന്തായാലും, ആ സമയത്ത്, പൗലൊസിനെ "സ്വന്തമായി കൂലിക്കെടുത്ത വീട്ടിൽ''[42] താമസിക്കാൻ അനുവദിച്ചു - ഒരുപക്ഷെ ആ കൂലി കൊടുത്തതു റോമയിലും മറ്റു ഭാഗത്തും ഉള്ള ക്രിസ്ത്യാനികൾ ആയിരുന്നേക്കാം.[43]

പൗലൊസിനു ചില നേട്ടങ്ങൾ ഉണ്ടായിരുന്നു (വാക്യം 30) എന്നാൽ ഒരു റോമൻ പടയാളിയോടു, രാവും പകലും ബന്ധിക്കപ്പെട്ടിരുന്നു (വാക്യങ്ങൾ 16, 20; എഫെസ്യർ 6:20). ദിവസങ്ങൾ കടന്നുപോയി ആഴ്ച്ചകളും, ആഴ്ച്ചകൾ മാസങ്ങളായാലും, മാസങ്ങൾ വർഷങ്ങളായും കടന്നുപോയി, വീഥികളിൽ നടക്കാനും, വേദികളിൽ പ്രസംഗിക്കാനും അവനെ ഇറക്കിയിരിക്കും. ദൈവം തന്നെ റോമയിൽ കൊണ്ടുവന്നു തടങ്കലിൽ തന്നെ വെച്ചിരിക്കുന്നതെന്തിനാണെന്ന് ഒരുപക്ഷെ അവൻ അത്ഭുതപ്പെ

ട്ടേക്കാം. നമുക്കു ദൈവത്തിന്റെ മനസ് അറിയില്ല, എന്നാൽ പരിഗണിക്കാവുന്ന ചില ഉദ്ദേശങ്ങൾക്കു സാദ്ധ്യതയുണ്ട്:

(1) പൗലൊസ് തടവിൽ അല്ലായിരുന്നെങ്കിൽ, അവൻ റോമയിൽ വളരെ കുറച്ചു സമയമേ ചെലവിടുകയുള്ളു. അവിടെ സഭ സ്ഥാപിച്ചു കഴിഞ്ഞിരുന്നു, കൂടാതെ "മറ്റൊരാളുടെ അടിസ്ഥാനത്തിന്മേൽ പണിയുവാനും" അവൻ ആഗ്രഹിച്ചിരുന്നില്ല (റോമർ 15:20). അവന്റെ പദ്ധതി റോമയിലേക്കു ഒരു ചുരുങ്ങിയ യാത്ര ചെയ്യുവാനും അവിടെ നിന്നു സ്പാന്യയിലേക്കും (റോമർ 15:24) മറ്റു സ്ഥലങ്ങളിലേക്കും യാത്ര ചെയ്യുവാനായിരുന്നു പ്ലാൻ.

(2) പൗലൊസിന്റെ തടവു നീട്ടിയത് അവനു ചക്രവർത്തിയുടെ രാജധാനിയിൽ സുവിശേഷം പ്രസംഗിക്കുന്നതിനിടയാക്കി. ഫിലിപ്പിയരോട് പൗലൊസ് പറഞ്ഞു: "എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും വെളിവായി വരികയും ..." (ഫിലിപ്പിയർ 1:13). അകമ്പടി പട്ടാളം എന്നതു പടയാളികളുടെ കൂട്ടം "ചക്രവർത്തിയെ കാക്കുന്നതിനും, സാമ്രാജ്യപരമായ വിചാരം നേരിടുന്ന കുറ്റവാളികളെ കാക്കുന്നവരുമായ പടയാളികളുടെ കൂട്ടം ആണ്."[44] ഓരോ നാലു മുതൽ ആറു മണിക്കൂർ വരെ, പൗലൊസിനോടു ബന്ധിക്കുന്ന പടയാളി മാറിക്കൊണ്ടിരിക്കും. ഓരോ ഇരുപത്തി-നാലു മണിക്കൂറും, നാലു മുതൽ ആറുവരെ പടയാളികളുമായി പൗലൊസിനെ ബന്ധിച്ചിരിക്കും. അങ്ങനെ രണ്ടു വർഷം, നൂറുകണക്കിനു പടയാളികൾ സുവിശേഷം കേട്ടു. അപ്പൊസ്തലൻ മറ്റുള്ളവരെ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ, കാവൽക്കാരനു കേൾക്കാതെ നിവൃത്തിയില്ലല്ലൊ. പിന്നെ, പൗലൊസും പടയാളിയും തനിച്ചായിരിക്കുമ്പോഴും, സംഭാഷണം കാലാവസ്ഥയും ഒളിമ്പിക് ഗെയിംസ് ആയിരിക്കയില്ലല്ലൊ. ആ രണ്ടു - വർഷകാലയളവിനുള്ളിൽ, ചില പടയാളികൾ എങ്കിലും ക്രിസ്ത്യാനികളായി തീർന്നിരിക്കണം. അവർ തങ്ങളുടെ ജോലിക്കായി രാജധാനിയിലേക്കു പോയപ്പോൾ, സുവിശേഷവും കൊണ്ടു പോയിരിക്കും. ഫിലിപ്പിയയിലെ സഭക്കു പൗലൊസിനു, "വിശുദ്ധന്മാർ എല്ലാവരും *വിശേഷാൽ കൈസരുടെ അരമനയിലുള്ളവരും*, നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നു പറയാൻ കഴിഞ്ഞു (ഫിലിപ്പിയർ 4:22; ഊന്നൽ എന്റേത്). (ഒടുവിൽ, പൗലൊസിനു തന്റെ സംഗതി നീറോയുടെ മുൻപിൽ അവതരിപ്പിക്കാൻ കഴിഞ്ഞു [പ്രവൃത്തികൾ 27:24].)

(3) പൗലൊസിന്റെ റോമയിലെ ശുശ്രൂഷാ സമയത്ത്, തടവു കാരണം, കിരീടത്താൽ അവൻ സുരക്ഷിതനായിരുന്നു! ദൈവജ്ഞാനത്താലുള്ള ഏർപ്പാട് പൗലൊസ് മനസ്സിലാക്കിയിരുന്നു: "... എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു" (ഫിലിപ്പിയർ 1:12).

## റോമൻ ആധികാരികളാൽ വിഘ്നം വരുത്താതെ (വാക്യങ്ങൾ 30, 31)

പൗലൊസ് തടവിലായിരുന്നപ്പോൾ, വീട് തുറന്നിരിക്കാൻ അവനെ അനുവദിച്ചിരുന്നു: "തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും

അവൻ കൈക്കൊണ്ടു" (വാക്യം 30) - യെഹൂദന്മാരും ജാതികളും, ക്രിസ്ത്യാനികളും അ-ക്രൈസ്തവരും. എല്ലാവരെയും ഒരുപോലെ സ്വീകരിച്ചു. "അവൻ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടിരുന്നു, യേശുക്രിസ്തുവിനെക്കുറിച്ചു[45] ഉപദേശിച്ചും പോന്നു" (വാക്യം 31). "ഓപ്പൺനെസ്" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തതാണ് സൂചിപ്പിക്കുന്നതു തുറന്ന്, വ്യക്തമായും, ആത്മവിശ്വാസത്തോടെയും പ്രസംഗിക്കുക എന്നതാണ്.[46]

പൗലൊസ് വാക്കുകളാൽ ഉപദേശിച്ചതിനു പുറമെ, എഴുത്തുകളാലും അവൻ തന്റെ സ്വാധീനം ചെലുത്തി. ഈ സമയത്തായിരുന്നു അവൻ എഴുതിയ ഏറ്റവും നല്ല ലേഖനങ്ങളിൽ ചിലത്:[47] ക്രിസ്തുവിനെയും അവന്റെ സഭയെയും കുറിച്ചുള്ളതാണ്, എഫെസ്യ ലേഖനം; ഫിലിപ്പിയർക്കെഴുതിയതു, പൗലൊസിന്റെ സ്നേഹലേഖനമാണ്; യേശുവിനെ ഉയർത്തിക്കൊണ്ട് മതനിന്ദയെ എതിരിടുന്ന പൗലൊസിന്റെ വാക്കുകളാണ്, കൊലൊസ്യ ലേഖനം; ഫിലെമോൻ, ഒരു സ്നേഹിതനുള്ള വ്യക്തിപരമായ ലേഖനമാണ്. പൗലൊസ് റോമയിലായിരുന്ന സമയത്തെക്കുറിച്ചു കൂടുതൽ അറിവു നല്കുന്നവയാണ് ഈ ലേഖനങ്ങൾ.

പൗലൊസിനോടു കൂടെ അവന്റെ പഴയ സ്നേഹിതന്മാരായിരുന്ന ലൂക്കൊസും തിമൊഥെയൊസും ഉണ്ടായിരുന്നു.[48] യോഹന്നാനെയും എടുത്തു പറയുന്നതു യോഗ്യമായിരിക്കും, അവൻ അപ്പൊസ്തലനോട് നിരപ്പു പ്രാപിച്ചവനായിരുന്നു.[49] മറ്റു സഹപ്രവർത്തകരായ അരിസ്ർഹോസും,[50] എപ്പഫ്രാദിത്തൊസ്, തിദിക്കൊസ്, യുസ്തൊസ്, എപ്പഫ്രാസ്, ദേമാസ് എന്നിവരും ഉൾപ്പെട്ടിരുന്നു.[51] അനേകം പേരെ പൗലൊസ് സുവിശേഷവുമായി സാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തും അയച്ചിട്ടുണ്ട്.

താൻ നേരിട്ടും അല്ലാതെയും സ്ഥാപിക്കുവാൻ സഹായിച്ച സഭകളെക്കുറിച്ചു പൗലൊസിനു കരുതൽ ഉണ്ടായിരുന്നു എന്നു തന്റെ തടവു ലേഖനങ്ങൾ പറയുന്നുണ്ട് (ഫിലിപ്പിയർ 4:1)[52] - അവൻ അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുവാനും ആഗ്രഹിച്ചിരുന്നു. ചില ഇടവകകൾ അവരുടെ പ്രതിനിധികളെ റോമയിലേക്ക് അയച്ചിരുന്നു (ഫിലിപ്പിയർ 4:18). പൗലൊസ് സന്ദേശവാഹകരെ അയച്ച് തന്റെ അവസ്ഥ അവരെ അറിയിക്കുകയും അവരുടെ ആത്മിയമായ ആവശ്യങ്ങൾ തിരികെ അവനെ അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു.[53]

പൗലൊസിന്റെ മാനസികാവസ്ഥയെ നല്കുന്ന ഉൾക്കാഴ്ചയായിരിക്കാം ഒരുപക്ഷെ ഏറ്റവും വലിയ താല്പര്യം ജനിപ്പിക്കുന്നത്. "സംഘട്ടനങ്ങൾ," "കഷ്ടതകൾ," വലിയ "വൈഷമ്യങ്ങൾ" എന്നിവയെപ്പറ്റി അവൻ പറഞ്ഞിട്ടുണ്ട് (ഫിലിപ്പിയർ 1:30; കൊലൊസ്യർ 1:24; 2:1). അവന്റെ പ്രായവും ലഭിച്ച അവമാനവും അവന്റെ വികാരത്തെ ബാധിച്ചിരുന്നു (ഫിലെമോൻ 9). റോമയിലെ ക്രിസ്ത്യാനികൾ "ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിച്ചതിനെ കുറിച്ചു, ... അവനു പ്രത്യേക ചിന്തയുണ്ടായിരുന്നു" (ഫിലിപ്പിയർ 1:15, 17). ഇങ്ങനെയുള്ള എല്ലാ പ്രശ്നങ്ങളിലും, പൗലൊസ് ക്രിയാത്മകമായ ഒരു സ്വഭാവം നിലനിർത്തി: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13; കൊലൊസ്യർ 1:29 ഉം നോക്കുക).[54]

ഭാവിയിൽ എന്തു സംഭവിച്ചാലും - തടവിൽ നിന്നു മോചിതനായാലും അല്ലെങ്കിൽ മരണശിക്ഷെക്കാ2യാലും - അവൻ തയ്യാറായിരുന്നു (ഫിലിപ്പിയർ 1:19-24, 27; 2:17).[55]

എപ്പോഴും, പൗലൊസിന്റെ ഏറ്റവും വലിയ ചിന്ത സുവിശേഷ വ്യാപ്തിയായിരുന്നു. “എനിക്കു ബന്ധന കാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം തുറന്നുതരികയും, ... ഞാൻ സംസാരിക്കേണ്ടും വണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിനു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ” എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (കൊലൊസ്യർ 4:3, 4).[56] അവൻ സന്തോഷത്തോടെ എഴുതി:

> സഹോദരന്മാരെ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു, എന്നു നിങ്ങൾ അറിവാൻ ഞാൻ ഇഛിക്കുന്നു, എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തം ആകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും വെളിവായി വരികയും സഹോദരന്മാർ മിക്കപേരും, എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു, ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ, അധികം തുനിയുകയും ചെയ്തിരിക്കുന്നു (ഫിലിപ്പിയർ 1:12-14).

ദൈവം പൗലൊസിന്റെ പ്രാർത്ഥനക്കു മറുപടി നല്കുകയും അവന്റെ പരിശ്രമങ്ങളെ അനുഗ്രഹിക്കയും ചെയ്തു. അകമ്പടി പട്ടാളത്തിലെ കാവൽക്കാരായ പടയാളികളിലുണ്ടായ ഫലം കൂടാതെ കൈസരുടെ അരമനയിലെ ചിലതും പരിവർത്തനം ചെയ്യപ്പെട്ടു (ഫിലിപ്പിയർ 1:13; 4:22), റോമയിൽ മറ്റൊരു ശ്രദ്ധേയ പരിവർത്തനം നടന്നതായും നമുക്ക് അറിയാം: ദാസനായിരുന്നപ്പോൾ ഓടിപ്പോയ ഒനേസിമോസ്, തലസ്ഥാന നഗരത്തിൽ എങ്ങനെയോ പൗലൊസിനെ സന്ധിച്ചു (ഫിലെമോൻ 10-21). “പൗലൊസ് പ്രാഗത്ഭ്യത്തോടെ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചതുകൊണ്ട്” റോമയിൽ വേറെയും പലർ പരിവർത്തനം ചെയ്തു എന്നതിൽ സംശയമില്ല (പ്രവൃത്തികൾ 28:31).

അതു നമ്മെ ലൂക്കൊസിന്റെ അവസാന “അവസാന വാക്കുകളിലേക്കു” കൊണ്ടു വരുന്നു - അവസാനമായി അവൻ പ്രവൃത്തികളുടെ പുസ്തകത്തിൽ എഴുതിയ വാക്ക്. ആ അവസാന വാക്ക് താക്കോൽ വാക്കാണ്, ഏറ്റവും പ്രാധാന്യമുള്ള വാക്കാണ്: “പൂർണ്ണ പ്രാഗത്ഭ്യത്തോടെ *വിഘ്നം കൂടാതെ*, ദൈവരാജ്യം പ്രസംഗിച്ചും, കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു” (വാക്യം 31; ഊന്നൽ എന്റേത്). പൗലൊസിന്റെ കയ്യിൽ വിലങ്ങുണ്ടായിരുന്നെങ്കിലും, അവന്റെ നാവു സ്വതന്ത്രമായിരുന്നു. സ്വതന്ത്രനായിരുന്നില്ല, സുവിശേഷത്തിന് കഴിയുമായിരുന്നു. തടവിലായിരുന്നു, പക്ഷെ വചനം തടവിലായിരുന്നില്ല (2 തിമൊഥെയൊസ് 2:9).

ആ വിജയക്കുറിപ്പോടെ, സുവിശേഷം വളർന്നു ലോകമെങ്ങും വ്യാപിച്ചു വർദ്ധിച്ചതുമായി, ലൂക്കൊസ് തന്റെ പേന താഴെ വെച്ചു.

## ഉപസംഹാരം

ഈ പുസ്തകത്തിന്റെ തലവാചകമായ, "ഒരു അവസാന വാക്ക്," സൂചിപ്പിക്കുന്നതു പ്രവൃത്തികളുടെ പുസ്തകത്തിന്റെ അവസാന വാക്കായിട്ടാണ്. പരിഭ്രാന്തരായ സദസിനോട് 1942, നവംബർ 10-ാം തീയതി, വിൻസ്റ്റൺ ചർച്ചിൽ പ്രസംഗിച്ചു. ദിവസങ്ങളായി, ഹിറ്റ്ലറുടെ ലഫ്റ്റ് വേഫ് ലണ്ടനിൽ ബോംബിട്ടു കൊണ്ടിരിക്കയായിരുന്നു. കോട്ടകൊത്തളങ്ങൾ ഉറപ്പിച്ച ആളുകളോട് ബ്രിട്ടീഷ് പ്രധാന മന്ത്രിക്ക് എന്തു പറയാൻ കഴിഞ്ഞു? അവൻ പതുക്കെ, ഈ വാക്കുകൾ മന്ത്രിച്ചു: "ഇപ്പോൾ ഇതവസാനമല്ല. ഇതു അവസാനത്തിന്റെ ആരംഭവുമല്ല. എന്നാൽ ഇത്, ഒരുപക്ഷെ, ആരംഭത്തിന്റെ അവസാനമാകാം." നമുക്കു അവന്റെ വാക്കുകൾ കൊടുക്കാം: പ്രവൃത്തികൾ 28 സുവിശേഷ വ്യാപ്തിയുടെ അവസാനവാക്കല്ല; അതു സുവാർത്താ വ്യാപ്തിയുടെ *ആരംഭത്തിന്റെ* അവസാനവാക്കുകൾ മാത്രമാണ്. നമ്മുടെ ഈ പരമ്പരയിലെ അടുത്ത (അവസാന) പാഠത്തിൽ, ലൂക്കൊസ് *തന്റെ* അവസാന വാക്ക് എഴുതിയ ശേഷം തുടർച്ചയായ ആവേശത്തെ നാം ശ്രദ്ധിക്കും.

നാം അവസാനിപ്പിക്കുമ്പോൾ, എനിക്ക് അതിശയിക്കാതിരിക്കാൻ കഴിയുന്നില്ല: സുവിശേഷസംബന്ധമായി നമ്മുടെ "അവസാന വാക്ക്" എന്തായിരിക്കും? പൗലൊസ് ചെയ്തതുപോലെ ലോകം മുഴുവൻ സുവിശേഷ ഘോഷണത്തിനായി പോയ പൗലൊസിനെപ്പോലെ സുവിശേഷം അറിയിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ അയൽക്കാരിൽ സുവിശേഷം എത്തിക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ? "ഒരാൾ തന്നെക്കുറിച്ചു മാത്രം ചിന്തിക്കുകയും; തന്നെക്കുറിച്ചു മാത്രം കരുതുകയും; തനിക്കു വേണ്ടി മാത്രം ജീവിക്കയും ചെയ്താൽ" അയാളുടെ അവസാനം എന്തു ദു:ഖകരമായിരിക്കും. "ഒരു മനുഷ്യൻ സർവ്വലോകവും നേടിട്ടും, തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ, അവനു എന്തു പ്രയോജനം? അല്ല അവന്റെ ജീവനു വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" (മത്തായി 16:26).[57]

---

കുറിപ്പുകൾ

[1]വാക്യം 31 ലൂക്കൊസിന്റെ പ്രവൃത്തികളിലെ അവസാന പുരോഗമന വാക്കാണ്. ഒരുപക്ഷെ 19:20നു ശേഷം സംഭവിച്ചതെല്ലാം പുരോഗമിച്ചതിന്റെ ചുരുക്കമായി ഉദ്ദേശിച്ചതാകാം. അതു തീർച്ചയായും 28-ാം അദ്ധ്യായത്തിലെ സംഭവങ്ങളുടെ ചുരുക്കമാണ്. [2]മദ്ധ്യധരണ്യാഴിയിൽ കൂടെയുള്ള യാത്ര മാർച്ച് വരെ യാത്ര പുനരാരംഭിച്ചില്ല, എന്നാൽ തീരദേശയാത്ര (ഒന്ന് - അല്ലെങ്കിൽ രണ്ടു - ദിവസത്തെ യാത്ര) കാറ്റു അനുകൂലമായാൽ ഫെബ്രുവരി ആദ്യം യാത്ര തുടരാം. [3]ജെമിനി വൃന്ദം (ഇരട്ടകൾ) അറിയപ്പെട്ടതു ഇതിഹാസ സഹോദരന്മാരായിട്ടാണ്. [4]അത്തരം അന്ധവിശ്വാസങ്ങളെ ശ്വാസിയമായി പരാമർശിച്ചിരിക്കുന്നത്, 1 കൊരിന്ത്യർ 8:4-6 നോക്കുക. [5]ലൂക്കൊസും (ഒരുപക്ഷെ അരിസ്തർഹൊസും) കപ്പലിൽ ഉണ്ടായിരു ന്നേക്കാം, ശതാധിപനൊപ്പം, അവന്റെ

പടയാളികളും, മറ്റുതടവുകാരും. [6]"മെലിത്തയിൽ നിന്നു റോമയിലേക്ക്" എന്ന പടം നോക്കുക. [7]രെഗ്യൊമിന്നടുത്ത് ഇതിഹാസ ചാരിബ്ഡിസ് നീർച്ചുഴിയും സില്ലാ പാറയും അടുത്തായിരുന്നു. ഗ്രീക്ക് ഇതിഹാസത്തിൽ, ചാരിബ്ഡിസും സില്ലയും നാവികന്മാരെ വിഴുങ്ങുന്ന ഭീകര കടൽ സത്വങ്ങൾ അത്രെ. [8]"സെയിൽഡ് എറൗണ്ട്" ഒരുപക്ഷെ സൂചിപ്പിക്കുന്നത് സെയിലിങ്ങ് മനെവെർ ഗതിമാറ്റൽ ആവശ്യമായിരുന്നു. ജെ.ബി. ഫിലിപ്പ്സിന്റെ തർജ്ജിമയിൽ "ടാക്സ് എറൗണ്ട്" എന്നാണ്. [9]ബർണാഡ് ആർ.യങ്മാൻ, *ബാക്ഗ്രൗണ്ട് ടു ദ ബൈബിൾ*, ബുക്ക് 4, *സ്പ്രെഡിങ്ങ് ദ ഗോസ്പെൽ* (ലണ്ടൻ: ഹൾട്ടൻ എഡ്യൂക്കേഷണൽ പബ്ലിക്കേഷൻസ്, 1956), 90. പോംപേയി ലാവയുടെ കട്ടിയായ നിരക്കടിയിൽ എ.ഡി. 79-ൽ വെസുവിയസിൽ കണ്ടിരുന്നു. [10]പൗലൊസിന്റെ "ജഡത്തിലെ മുള്ളു" മൂർച്ചിക്കയും, അതവനെ ക്ഷീണിപ്പിച്ച് അധൈര്യപ്പെടുത്തിയിരിക്കാം.

[11]ഇതാണ് ത്രോവാസിൽ സംഭവിച്ചത്. "പ്രവൃത്തികൾ 4-ാം" ലക്കത്തിലെ "ഒരു കുടുംബ ചിത്രം" എന്ന പാഠത്തിലെ പ്രവൃത്തികൾ 20:6, 7 ന്റെ നോട്ടുകൾ നോക്കുക. [12]ക്രിസ്ത്യാനികളായിത്തീർന്ന മറ്റു പടയാളികൾ, കൊർന്നെല്യോസ് (പ്രവൃത്തികൾ 10) അകമ്പടി പട്ടാളത്തിലെ ചിലർ (ഫിലിപ്പിയർ 1:13). [13]അപ്പിയൻ വഴി ബി.സി. 312-ൽ അപ്പിയസ് ക്ലൗഡിയസ് സീക്കസ് തുടങ്ങിയതും അദ്ദേഹത്തിന്റെ പേരിട്ടതുമാണ്, അതിന്റെ ഒരു ഭാഗം ചെലവു സ്വയം വഹിക്കയും ചെയ്തു. അപ്പിയസ് ഒരു പ്രധാന റോമൻ ഉദ്യോഗസ്ഥനായിരുന്നു, അയാളെ "സെൻസർ" എന്നു വിളിച്ചിരുന്നു - പൊതുജനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ എടുക്കുന്ന രണ്ടു ഉദ്യോഗസ്ഥന്മാരിൽ ഒരാളായിരുന്നു, പൊതുജനങ്ങളുടെ പെരുമാറ്റവും ധാർമ്മികതയും മേൽനോട്ടം നടത്തി. [14]ഗ്രീക്ക് പുസ്തകത്തിൽ "അപ്പീഫോറം" എന്നാണ് (കെ.ജെ.വി നോക്കുക). മിക്ക പട്ടണങ്ങളിലും, ഫോറം ഇടപാടുകൾ നടത്തുന്നതിനുള്ള സ്ഥലമായിരുന്നു; അതുകൊണ്ട്, അതിനെ "ചന്തസ്ഥലം" എന്നു വിളിക്കാൻ കഴിഞ്ഞിരുന്നു. [15]ഗ്രീക്ക് പുസ്തകത്തിൽ "മൂന്നു മണ്ഡപങ്ങൾ" എന്നാണ് (കെ.ജെ.വി നോക്കുക), അന്ന് ഒരു മണ്ഡപം സത്രത്തിനു തുല്യമായിരുന്നു ഇന്ന് ഹോട്ടൽ പോലെ (അതായത്, രാത്രി ചെലവഴിക്കാൻ മുറികളും അതിലുണ്ടായിരുന്നു). [16]എന്തുകൊണ്ടാണ് ചിലർ മുപ്പത്തി - മൂന്നു മൈൽ കഴിഞ്ഞാൽ നിർത്തുന്നത്, എന്നാൽ മറ്റുള്ളവർ വീണ്ടും പത്തു മൈൽ കൂടെ നടക്കും? ചിലർ തമാശയായി, *യുവാക്കളായ* ക്രിസ്ത്യാനികൾ നാല്പത്തി - നാലുമൈൽ നടക്കുമ്പോൾ, *പ്രായമായവർ* മുപ്പത്തി - മൂന്നിൽ നിർത്തും എന്നു പറയാറുണ്ട്. ഒരുപക്ഷെ അതു വെറുതെ പ്ലാൻ ചെയ്തു പൗലൊസിനു ഇരട്ട സ്വീകരണം ലഭിക്കുവാനിടയായതാകാം. [17]എഫ്.എഫ്.ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഇഡി., ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയൂ എം. ബി.ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 502. [18]ഇതു പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാന "ഞങ്ങൾ" ആണ്. [19]വെസ്റ്റേൺ ടെക്സ്റ്റിൽ "ഞങ്ങൾ റോമയിൽ എത്തിയപ്പോൾ, ശതാധിപൻ പടയാളികളെ കാവൽ പട്ടാളനായകനെ ഏല്പിച്ചു എന്നാണ്." ഇതു പൗലൊസ് ഒഴിച്ചുള്ള മറ്റു തടവുകാരെയാകും, കാരണം പൗലൊസിനെ പിന്നയും സ്വതന്ത്രമായി താമസിക്കാൻ അനുവദിച്ചിട്ടുണ്ട്. [20]"ഞാൻ തന്നെ" എന്നതു സൂചിപ്പിക്കുന്നതു പൗലൊസ് റോമയിലേക്കു വന്ന മറ്റു തടവുകാരോടൊപ്പം ആയിരുന്നില്ല എന്നാണ്. അതു ഒരുപക്ഷെ സൂചിപ്പിക്കുന്നതു ലൂക്കൊസിനും, അരിസ്തർഹൊസിനും, മറ്റു ക്രിസ്ത്യാനികൾക്കും

പൗലൊസിനെ കാണാൻ അനുവാദമുണ്ടായിരുന്നെങ്കിലും, അവനോടൊപ്പം ആയിരുന്നില്ല താമസിച്ചത് എന്നാണ്.

[21]പൗലൊസിനു കിട്ടിയ നല്ല പെരുമാറ്റം സൂചിപ്പിക്കുന്നത് ഫെസ്തൊസിന്റെ വിവരണം അനുകൂലമായിരുന്നു എന്നാണ്. എഴുതപ്പെട്ട രേഖ കപ്പൽഛേദത്തിൽ നഷ്ടമായോ എന്നു നമുക്കറിയില്ല; ഇല്ലെങ്കിലും, യൂലിയൊസിനു അതിന്റെ ഉള്ളടക്കം അറിയിക്കാമായിരുന്നു. ഒരു ശതാധിപനും അവന്റേതായ നല്ല അഭിപ്രായങ്ങൾ കൂടെ കൂട്ടിച്ചേർക്കാമായിരുന്നു. [22]ഞാൻ റോം സന്ദർശിച്ചപ്പോൾ, പൗലൊസ് താമസിച്ചതായ പാരമ്പര്യ കെട്ടിടം ഞാൻ കാണുകയുണ്ടായി, എന്നാൽ വാസ്തവത്തിൽ അതെവിടെ ആയിരുന്നു എന്ന് ഒരു പിടിയുമില്ല. [23]ഇവ രണ്ടും പൗലൊസിനെതിരെ കെട്ടിച്ചമച്ച ആരോപണങ്ങൾ ആയിരുന്നു. അവന്റെ സംഗതി അവരെ കേൾപ്പിച്ചപ്പോൾ ആ ആരോപണങ്ങൾ അവൻ നിഷേധിച്ചിരുന്നു. [24]ഊന്നൽ വരുത്തുവാൻ പൗലൊസ് ഒരുപക്ഷെ തന്റെ തൂങ്ങിക്കിടക്കുന്ന ചങ്ങലയുള്ള കൈ ഉയർത്തി കാണും. [25]"യിസ്രായേലിന്റെ പ്രത്യാശ" പ്രാഥമികമായി പറയുന്നത് മശിഹയുടെ വരവും യിസ്രായേലിന്റെ പുനരേകീകരണവും ആണ്. നമ്മുടെ പരമ്പര പഠനങ്ങളിൽ കണ്ടതുപോലെ, എങ്ങനെയായാലും, ഈ പ്രത്യാശ മരിച്ചവരുടെ പുനരുത്ഥാനവും ഉൾപ്പെടുന്നതാണ്. താൻ പുനരുത്ഥാനത്തിൽ വിശ്വസിച്ചതുകൊണ്ടാണ് തടവിലായതു എന്നു തുടർച്ചയായി പറഞ്ഞു (23:6; 26:6, 7 നോക്കുക). [26]യെരുശലേമിൽ നിന്നു റോമയിൽ ഈ വിവരം എത്താൻ സമയം ആയില്ല എന്നാണ് ചിലർ പറയുന്നത്, എന്നാൽ റോമയിലുള്ള യെഹൂദപ്രമാണിമാർ വിചാരിച്ചത് അവർക്കു വേണമെന്നുണ്ടെങ്കിൽ ഈ സമയത്തിനുള്ളിൽ വിവരം അറിയിക്കാമായിരുന്നു എന്നാണ്. [27]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "പൗലൊസ് വിചാരണയിൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 24:5, 14 ന്റെ നോട്ടുകൾ നോക്കുക. [28]വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വത്തോട് എപ്പോഴും ഇങ്ങനെയാണ് പെരുമാറിയിരുന്നത്. "എല്ലായിടത്തും പുതിയനിയമക്രിസ്ത്യാനിത്വത്തിനെതിരായി" സംസാരിക്കുവാൻ സാത്താൻ ഉറപ്പുവരുത്തി. [29]ചിലർ വിചാരിക്കുന്നത് ഇവിടത്തെ "താമസം" 30-ാം വാക്യത്തിലെ "വീട്" എന്നതു ഒരേ സ്ഥലമല്ല എന്നാണ് ചിലർ വിചാരിക്കുന്നത്. അവ ഒന്നാണെന്നു സംശയിക്കാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. അതെന്തായാലും അപ്രധാനമാണ്. [30]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ "അവസാന-നിമിഷ തയ്യാറെടുപ്പ്" എന്ന പാഠത്തിലെ പ്രവൃത്തികൾ 1:3 ന്റെ നോട്ടുകൾ നോക്കുക.

[31]പ്രവൃത്തികൾ 17:1-3 നോക്കുക. [32]ഈ സമയത്ത്, ആളുകൾ ഒരുപക്ഷെ വന്നും പോയും ഇരുന്നേക്കാം. [33]യെശയ്യാവിന്റെ പുസ്തകത്തിലെ ശക്തമായ ഒരു ശ്വാസിയ ഭാഗമാണിത്. [34]17-ാം വാക്യത്തിൽ യെഹൂദപ്രമാണിമാരെ പൗലൊസ് തിരിച്ചറിഞ്ഞിരുന്നു: "*നമ്മുടെ* പിതാക്കന്മാർ." എങ്ങനെയായാലും, യേശുവിനെക്കുറിച്ചുള്ള അവന്റെ സന്ദേശം അവർ തള്ളിക്കളഞ്ഞപ്പോൾ, അവൻ അവരിൽ നിന്നു ദൂരത്തായി: "*നിങ്ങളുടെ* പിതാക്കന്മാർ." [35]പിന്നീടാണ് യോഹന്നാൻ 12:40 എഴുതപ്പെട്ടത്, എന്നാൽ യേശു മത്തായി 13, മർക്കൊസ് 4, ലൂക്കൊസ് 8 എന്നീ അദ്ധ്യായങ്ങളിൽ പറഞ്ഞ അതേ പ്രായോഗികതയാണ് യോഹന്നാൻ നടത്തിയത്. [36]ബ്രൂസ്, 508. [37]റിക് ആച്‌ലെ, "ദ സ്റ്റോറി ദാറ്റ് നെവർ എന്റ്സ്," എന്ന 1987 മെയ് 3 ന്, ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചത്. [38]പൗലൊസിന്റെ റോമയിലെ രണ്ടുവർഷക്കാ

ലത്തെ വിവരിക്കുവാൻ ലൂക്കൊസ് 16 വാക്യങ്ങൾ എടുത്തു. അവയിൽ മൂന്നു വാക്യങ്ങളും യെഹൂദന്മാർ സുവിശേഷം തള്ളിക്കളഞ്ഞതു പറയുന്നു. ലൂക്കൊസ് സ്ഥലം പാഴാക്കിയില്ല, അതുകൊണ്ട് സംഭവം പ്രാധാന്യമുള്ളതാണ്. പറഞ്ഞ ഉദ്ധേശത്തിനാണ് കൂടുതൽ സാധ്യത. [39]റിച്ചാഡ് ഓസ്റ്റെർ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, പാർട്ട് 2, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സാസ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി., 1979), 180. (ഊന്നൽ അദ്ദേഹത്തിന്റെ.) [40]ഐ. ഹോവാഡ് മാർഷൽ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ടിൻഡെയിൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, ഇഡി. ആർ. വി.ജി. ടാസ്ക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1980), 425.

[41]ഇബിഡ്. [42]റോമയിലെ പൗലൊസിന്റെ താമസവേളയിൽ അവന്റെ ശ്രദ്ധയോടെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം റോമിനായിരുന്നു. അവൻ സ്വന്തമായി വീട് വാടകക്ക് എടുത്തു അതിലെ ഉപയോഗം സ്വതന്ത്രമായി നടത്തിയിരിക്കാൻ സാധ്യതയുണ്ട്. “ആവശ്യമായ” സൗജന്യ സാമ്പത്തിക ക്രമീകരണവും ഉണ്ടായിരുന്നു. [43]ഈ കാലയളവിൽ ഫിലിപ്പിയ സഭയിൽ നിന്നു സാമ്പത്തിക സഹായം വന്നു (ഫിലിപ്പിയർ 2:25; 4:10-14, 18). ചിലർ വിചാരിക്കുന്നതു പൗലൊസിനു ഒരു അവകാശവും കിട്ടി എന്നാണ്. ചിലർ വിചാരിക്കുന്നതു പൗലൊസ് ഈ സമയത്തും കൂടാരം പണിതു ഉപജീവനം നടത്തി എന്നാണ്, അതിനു സാധ്യത കുറവാണ്. [44]ജെ. ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംങ്ങ് കമ്പനി., എൻ.ഡി.), 287. [45]ഈ മുഴുവൻ പേരും “കർത്താവായ യേശുക്രിസ്തു” നമ്മുടെ കർത്താവിനെയും യജമാനനെയും കുറിച്ച് നാം അത്ഭുത സത്യവും അടങ്ങുന്നതാണ്. [46]എടുത്തത് ജോൺ ആർ.ഡബ്ലിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് ആക്സ്* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ - വാർസിറ്റി പ്രെസ്, 1994), 400. [47]ഈ ലേഖനങ്ങളിൽ എല്ലാം, പൗലൊസ് തടവിലായിരുന്നു എന്നു പറയുന്നു (എഫെസ്യർ 3:1; 4:1; ഫിലിപ്പിയർ 1:13; കൊലൊസ്യർ 4:3, 18; ഫിലിപ്പിയർ 1, 9, 13). ഈ ലേഖനങ്ങൾ തമ്മിൽ യോജിപ്പുണ്ട് (പൗലൊസിനോടു കൂടെ അതേ ആളുകൾ താമസിച്ചിരുന്നു, ലേഖനം കൊണ്ടു കൊടുത്തതു അതേ ആളുകൾ, മുതലായവ.), അവയെല്ലാം തീർച്ചപ്പെടുത്തുന്നതു ഈ ലേഖനങ്ങൾ ഒരേ സമയത്ത് ഒരേ സ്ഥലത്തു നിന്നു എഴുതി എന്നാണ്. അവയിൽ, ഒന്നിൽ, “കൈസരുടെ ഭവനം” എന്നു പറഞ്ഞിരിക്കകൊണ്ട് (ഫിലിപ്പിയർ 4:22; 1:13 ഉം കൂടെ), പൗലൊസ് ആദ്യം റോമയിൽ തടവിലായിരുന്നപ്പോൾ എഴുതി എന്നു മിക്കവരും വിശ്വസിക്കുന്നു. ചിലർ വിശ്വസിക്കുന്നതു ഈ സമയത്താണ് എബ്രായലേഖനവും, പൗലൊസ് എഴുതിയത് എന്നാണ് (എബ്രായർ 13:19, 23, 24 നോക്കുക). [48]ഫിലിപ്പിയർ 1:1; 2:19-23; കൊലൊസ്യർ 1:1; 4:14; ഫിലെമോൻ 24. [49]കൊലൊസ്യർ 4:10; ഫിലെമോൻ 24; പ്രവൃത്തികൾ 13:13; 15:36-40; 2 തിമൊഥെയൊസ് 4:11 ഉം നോക്കുക. [50]അരിസ്തർഹൊസ് പൗലൊസിനോടുകൂടെ റോമയിലേക്കു യാത്ര ചെയ്തിരുന്നു.

[51]എഫെസ്യർ 6:21; ഫിലിപ്പിയർ 2:25; കൊലൊസ്യർ 1:7; 4:7, 10, 11-14; ഫിലേമോൻ 23, 24 നോക്കുക. ഭേമാസിനെക്കുറിച്ച്, 2 തിമൊഥെയൊസ് 4:10 നോക്കുക. [52]ഇതിൽ ഈ പട്ടണങ്ങളിൽ അവൻ വ്യക്തിപരമായി പ്രസംഗിച്ചിട്ടില്ലെങ്കിലും, എഫെസ്യയിൽ അവന്റെ പ്രവർത്തന ഫലമായുണ്ടായ സഭകളായ കൊലൊ

സ്യ ലവദൊക്യയും ഉൾപ്പെടുത്തിയിട്ടുണ്ട് (കൊലൊസ്യർ 1:7, 8; 2:1; 4:16). [53]എഫെസ്യർ 6:21; ഫിലിപ്പിയർ 2:19, 23, 25–30; കൊലൊസ്യർ 4:7, 8, 10 ഉം നോക്കുക. [54]"ക്രിയാത്മകമായി ചിന്തിക്കുന്നതിന്റെ ശക്തി" യിന്മേലുള്ള ശരിയായ "ഗ്രന്ഥം" ആണ് ഫിലിപ്പിയർ 3; 4. [55]അവൻ മോചിതനാകുവാൻ ആഗ്രഹിച്ചിരുന്നു (ഫിലിപ്പിയർ 1:25, 26; 2:24; ഫിലേമോൻ 22), പക്ഷെ മോചിതനാകുക എന്നതു വ്യക്തിപരമായി അവനു പ്രാധാന്യമുള്ള കാര്യമായിരുന്നില്ല. [56]അവൻ പ്രത്യേകിച്ചു നീറോയോടു പ്രസംഗിക്കുവാനുള്ള അവസരത്തിനായി ചിന്തിച്ചിരിക്കാം. [57]ഈ പാഠം ഒരു പ്രസംഗമായി എടുക്കുന്നുവെങ്കിൽ, വായനക്കാരെ പ്രോത്സാഹിപ്പിക്കുവാൻ ഓരോരുത്തരെ സംബന്ധിച്ചും ഇത് "അവസാനവാക്ക്" ആയി എടുക്കാവുന്നതാണ്: "അവൻ ദൈവത്തെയും മനുഷ്യനെയും സ്നേഹിച്ചതുകൊണ്ട്, അവൻ ദൈവത്തെ അനുസരിക്കുകയും മറ്റുള്ളവരെ സേവിക്കുകയും ചെയ്തു!"



## *തന്റെ തടവിനെക്കുറിച്ചു പൗലൊസിന്റെ മനോഭാവം*

പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാന നാലിൽ - ഒന്ന് ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ, തന്റെ തടവിന്റെ കാരണ (കാരണങ്ങൾ) ത്തെക്കുറിച്ചു പൗലൊസ് ഉപയോഗിച്ച പദപ്രയോഗങ്ങൾ എന്നെ ആകർഷിച്ചിട്ടുണ്ട്. ന്യായാധിപസഭയോട്, അവൻ പറഞ്ഞു, "മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു" (പ്രവൃത്തികൾ 23:6; 24:21). അഗ്രിപ്പാ രാജാവിന്റെ മുമ്പിൽ, അവൻ പറഞ്ഞു, "വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവയിട്ടത്രെ ഞാൻ ഇപ്പോൾ വിസ്താരത്തിലായിരിക്കുന്നത്" (26:6). അവൻ റോമയിൽ എത്തിയപ്പോൾ, യെഹൂദപ്രമാണിമാരോട് അവൻ പറഞ്ഞു, "യിസ്രായേലിന്റെ പ്രത്യാശ നിമിത്തം ആകുന്നു ഞാൻ ഈ ചങ്ങല ചുമക്കുന്നത്" (28:20).

"ഞാൻ ജാതികളായ നിങ്ങൾക്കുവേണ്ടി ... ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു" എന്നാണ്, തന്റെ തടവിൽ നിന്നുള്ള ലേഖനത്തിൽ പൗലൊസ് പറഞ്ഞത് (എഫെസ്യർ 3:1) "കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ എന്നും പറഞ്ഞു" (എഫെസ്യർ 4:1). "എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു" എന്നവൻ പറഞ്ഞു (ഫിലിപ്പിയർ 1:13), "ഞാൻ കഷ്ടമനുഭവിക്കുന്നതു നിങ്ങൾക്കു വേണ്ടിയാകുന്നു" (കൊലൊസ്യർ 1:24), "എനിക്കു ബന്ധനകാരണമായ, ക്രിസ്തുവിന്റെ മർമ്മം[1]" (കൊലൊസ്യർ 4:3). ഫിലെമോനുള്ള ലേഖനത്തിൽ, പറഞ്ഞു "ക്രിസ്തുയേശുവിന്റെ ബദ്ധനായ ഞാൻ" (ഫിലെമോൻ 1, 9). "സുവിശേഷം നിമിത്തം തടവ്" (ഫിലേമോൻ 13).

പൗലൊസ് തന്റെ ബന്ധനത്തെ "നീതി തെറ്റായി ഉപയോഗിക്കുന്നതായോ" അല്ലെങ്കിൽ "(അനർഹമായ) കർത്താവിൽ നിന്നുള്ള ശിക്ഷ" യായോ അവൻ കണ്ടില്ല. മറിച്ചു, അതു ദൈവത്തിന്റെ പ്ലാനും ഉദ്ദേശവുമായിട്ടാണ് കണ്ടത് - അതു ഏതെങ്കിലും വിധത്തിൽ സുവിശേഷ വ്യാപ്തിക്കായി, അവന് പക്വതയിലെത്താൻ സഹായിക്കുന്നതും, കർത്താവിനു മഹത്വം കൊടുപ്പാൻ സഹായിക്കുന്നതുമായി കണ്ടു.

നിങ്ങൾ നിങ്ങളുടെ നിയന്ത്രണത്തിനപ്പുറമായ ഒരു സാഹചര്യത്താൽ "ബന്ധിക്കപ്പെടുകയാണെങ്കിൽ" അല്ലെങ്കിൽ സ്പഷ്ടമായും പരിഹരിക്കാൻ പറ്റാത്ത കാരണങ്ങളിൽ "തടവിലാക്കപ്പെടുകയാണെങ്കിൽ," നിങ്ങൾ ആ സാഹചര്യത്തിൽ കുറ്റവാളി അല്ലെന്നു വരികിൽ, പക്ഷെ "കർത്താവിന്റെ [വേണ്ടി]" തടവിലാക്കപ്പെടുമോ എന്ന് ആർക്കറിയാം? ദൈവത്തിനു പൗലൊസിന്റെ കാര്യത്തിൽ ചെയ്തതുപോലെ നിങ്ങളുടെ ആ പ്രതിസന്ധിയിലും അവൻ കണ്ടേക്കാം (റോമർ 8:28)!

---

കുറിപ്പ്

[1]"ക്രിസ്തുവിന്റെ മർമ്മം" എന്നതു മശിഹയെക്കുറിച്ചുള്ള പഴയ നിയമോപദേശം അന്നത്തെ ഞങ്ങൾക്കു മുഴുവനായും അതിന്റെ മുഴുവൻ പ്രാധാന്യവും മനുഷ്യർക്കു മനസ്സിലാക്കുന്നത് അവസാനം പൗലൊസിനും മറ്റു ദൈവശ്വാസിയരായ ആളുകൾക്കു വെളിപ്പെടുത്തി കൊടുത്തതുമാകുന്നു (എഫെസ്യർ 3:3-5).

1. ജൂലിയസ്, ബി.സി. 49–44.
    a. ബി.സി. 78–ൽ പോംപെയും ക്രാസസും ആയിചേർന്നു മൂന്നു പേർ നടത്തിയ ഭരണത്തിൽ പങ്കുകാരനായിരുന്നു.
    b. വലിയ സൈന്യത്തിന്റെ വിജയം നിമിത്തം റോമയിലേക്കു മടങ്ങിവന്നു. വിജയത്തിന്റെ നായകനായി തീർന്നു.
    c. ബി.സി. 44–ൽ ജൂലിയസിന്റെ വർദ്ധിച്ച ശക്തിയിൽ നിന്നു രക്ഷിക്കുവാനായി, റിപ്പബ്ലികിനെ ബ്രൂട്ടസും കാസിയസും ചേർന്നു വധിച്ചു.
    d. അവൻ മരിച്ച് നാലുമാസങ്ങൾക്കു ശേഷം, അവന്റെ ആദരവിനായി തുടങ്ങിയ ഒരു ഗെയിമിൽ ഒരു ധൂമകേതു പ്രത്യക്ഷപ്പെട്ടു. അവൻ ഒരു ദേവനായിത്തീർന്നു എന്നു വിചാരിച്ച് ആളുകൾ അവൻ ദേവൻ എന്ന അർത്ഥത്തിൽ “ഡി വൈൻ ജൂലിയസ്” എന്നു വിളിച്ചു.
2. അഗസ്റ്റിസ് (ഒക്ടോവിയൻ), ബി.സി. 31–ഏ.ഡി. 14.
    a. ബി.സി. 31–ൽ ആക്ടിയ യുദ്ധത്തിൽ ഏറ്റവും ഉയർന്ന സ്ഥാനം കിട്ടുന്നതുവരെ ആന്റണിയും ലെപ്പിഡസുമായി മൂന്നുപേർ ചേർന്നു ഭരണം നടത്തി.
    b. ജൂലിയസിന്റെ ദത്തുപുത്രനായിരുന്നു.
    c. സെനറ്റിലേക്കു അധികാരത്തോടെ വരുവാൻ പരിശ്രമിച്ചു. സ്നേഹിതന്മാരുടെ നിർബന്ധത്തിനു വഴങ്ങി സ്വയം അഗസ്റ്റസ് എന്നു വിളിക്കാൻ തുടങ്ങി (സാധാരണ ദേവന്മാർക്കായി വെച്ചിട്ടുള്ള നാമം). അങ്ങനെ ചക്രവർത്തിമാർ ദേവന്മാരാണെന്ന ചിന്തക്ക് ആരംഭം കുറിച്ചു. ബി. സി. 27–ൽ അവൻ സ്വയമായി ചക്രവർത്തിമാരുടെ ആരംഭം എന്നു വിളിക്കാൻ തുടങ്ങി, സാമ്രാജ്യത്തിന്റെ ആരംഭം കുറിക്കലായിട്ട് (അതുവരെ ഒരു റിപ്പബ്ലിക് ആയിരുന്നു).
    d. പൊതുവിൽ നല്ല ഒരു ഭരണാധികാരിയാണെന്നു വിചാരിക്കപ്പെടുന്നു, നല്ലൊരു രാജാവായി, നയതന്ത്രജ്ഞനുമായിരുന്നു. ആളുകളിൽ ധാർമ്മികകുറവുണ്ടായിരുന്നതിൽ ഉൽക്കണ്ഠപ്പെട്ടിരുന്നു. ഏ.ഡി. 14–ൽ 76–ാം വയസിൽ മരിച്ചു.
3. ടൈബീരിയസ്, ഏ.ഡി. 14–37.
    a. അഗസ്റ്റിന്റെ മകൻ. അപ്പന്റെ നായകത്വ കഴിവു കുറവുള്ളവനായിരുന്നു.
    b. യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും കാലത്തിൽ അധികാരത്തിലുണ്ടായിരുന്നു. യെഹൂദ്യയിലെ നാടുവാഴിയായി പിലാത്തൊസിനെ നിയമിച്ചു. യേശുവിന്റെ മരണവും ഉയർത്തെഴുന്നേറ്റു എന്നു “ഉന്നയി

ക്കലും" പിലാത്തൊസ് അറിയിച്ചതുകേട്ട് അവർ വിഷമി ക്കയും സെനറ്റിൽ അവനെ ഔദ്യോഗികമായി ഒരു റോമൻ ദേവനാക്കി വിശ്വദേവതാ ക്ഷേത്രത്തിൽ അവ നെയും ഉൾപ്പെടുത്തുവാൻ നിയമമുണ്ടാക്കി എന്നും പറയപ്പെടുന്നു.

c. പിന്നീട് വന്ന ചക്രവർത്തി, സെവറസിന് (ഏ.ഡി. 222), ഒന്നിലധികം പേര് ഉൾപ്പെടുത്തി അബ്രഹാമിന്റെയും ക്രിസ്തുവിന്റെയും.

4. കലിഗുള, ഏ.ഡി. 37–41.
   a. ടൈബീരിയസിന്റെ ഭ്രാന്തനായ അനന്തരവൻ താൻ ദൈവം എന്ന ആശയം ഊന്നിപ്പറഞ്ഞു. തന്റെ കുതിരയെ കാബിനറ്റ് അംഗമാക്കി. അവന്റെ പ്രതിമ യെരുശലേം ദൈവാലയത്തിൽ വെക്കാൻ യെഹൂദന്മാരെ നിർബ്ബന്ധി ച്ചു.
   b. അവന്റെ തന്നെ കാവൽക്കാർ അവനെ കൊന്നു.
5. ക്ലൗഡിയസ്, ഏ.ഡി. 41–54.
   a. കലിഗുളയുടെ അങ്കിൾ. നല്ല ഭരണാധികാരി ആകുവാൻ ശ്രമിച്ചു. ബാല്യത്തിലെ കളിക്കൂട്ടുകാരനായിരുന്നു ഹെരോദാവ് അഗ്രിപ്പാവ് I; യെഹൂദ്യയിലെയും ശമര്യയി ലെയും നാടുവാഴിയായി അവനെ നിയമിച്ചു.
   b. റോമയിൽ നിന്നു ഏ.ഡി. 49-ൽ യെഹൂദന്മാരെ പുറ ത്താക്കി. സ്വീട്ടോണിയസ് പറഞ്ഞു യെഹൂദന്മാർക്കിട യിലെ കുഴപ്പം ഒരു "ക്രെസ്റ്റസിന്റെ" ദുഷ്ക്കരണം പ്രേരണ ചെലുത്തിയതാണ്.
   c. അവന്റെ നാലാമത്തെ ഭാര്യ, അഗ്രിപ്പിനാ, അവളുടെ മകൻ നീറോയെ (ക്ലൗഡിയസ് ദത്തെടുത്ത) ചക്രവർത്തി യാകുവാൻ വിഷം കൊടുത്തു കൊന്നു.
6. നീറോ, ഏ.ഡി. 54–68.
   a. ചിറ്റപ്പന്റെ മരണസമയത്ത് പതിനേഴു വയസു പ്രായം. ശരിക്കുള്ള ശക്തി ഉപദേഷ്ടാക്കന്മാരുടെ കൈകളിൽ ആയിരുന്നു, ഉദാഹരണമായി അവന്റെ അദ്ധ്യാപകനായ, സ്പാനിയക്കാരൻ സെനേക്കാ. ഗല്ലിയോയുടെ ഇളയ സഹോദരൻ, അഖായയിൽ നാടുവാഴിയായി. ആരംഭ വർഷത്തിൽ കാര്യമായിത്തന്നെ ഭരിച്ചു.
   b. പിന്നീട് ഭ്രാന്തൻ പ്രജാ പീഡകനായിത്തീർന്നു. അവന്റെ അമ്മയെ വിഷം കൊടുത്തു കൊന്നു; ഗർഭിണിയായിരു ന്ന, അവന്റെ ഭാര്യ ഒക്റ്റാവിയയെ, ചവിട്ടിക്കൊന്നു; സെനേക്കയെ ആത്മഹത്യ ചെയ്യാൻ നിർബന്ധിച്ചു; ഉയർന്ന ഉദ്യോഗസ്ഥരടക്കം – പുരുഷന്മാരെ കൊണ്ട് – അശ്ലീല നാടകം അഭിനയിപ്പിക്കയും, അവനും അതിൽ പങ്കുചേരുകയും ചെയ്തു; അവന്റെ രഥം സർക്കസിൽ ഓടിച്ചു.

c. ഏ.ഡി. 64-ൽ റോമിനെ കത്തിച്ചു. പിന്നീട് പുതുക്കിപ്പണിതു "നീറോപ്പാളിസ്" എന്നു പേരിടാനായിരുന്നു പദ്ധതി. തീയിട്ടത് ക്രിസ്ത്യാനികളാണെന്ന് കുറ്റപ്പെടുത്തി അവരെ പീഡിപ്പിക്കാൻ തുടങ്ങി. ഏ.ഡി. 68-ൽ ആത്മഹത്യ ചെയ്തു.

7. വെസ്പേഷ്യൻ, ഏ.ഡി. 69–79.
   a. പട്ടാളത്തിലെ ഒരു വിജയി ആയിരുന്ന ജനറൽ. ഒരു വർഷം മുമ്പു സംഭവിച്ച നീറോയുടെ മരണശേഷം നാലാമത്തെ ചക്രവർത്തിയാകുവാൻ യെഹൂദന്മാർക്കെതിരെ 69-ൽ യുദ്ധം നയിച്ചുകൊണ്ടിരുന്നയാളെ വിളിക്കുകയായിരുന്നു. യെരുശലേമിലെ സൈന്യത്തെ നയിക്കുവാൻ മകൻ ടൈറ്റസിനെ ചുമതലപ്പെടുത്തിയിട്ടുവന്നു.
   b. ടൈബീരിയസിന്റെ കാലം മുതൽ ഇടിഞ്ഞുവന്ന റോമിനെ പുനർനിർമ്മാണം നടത്തി. ഘടനകളിൽ കൊലൊസിയവും ടൈറ്റസിന്റെ ആർച്ചും ഉൾപ്പെടുത്തി.
8. ടൈറ്റസ്, ഏ.ഡി. 79–81.
   a. ഏ.ഡി. 70-ൽ സൈന്യം യെരുശലേമിനെ ഉപരോധിച്ചപ്പോൾ യെഹൂദന്മാരോട് ജയിച്ചു. വിജയം ആഘോഷിച്ചത് റോമയിലെ ടൈറ്റസിന്റെ ആർച്ചിൽ ആയിരുന്നു.
9. ഡൊമിഷ്യൻ, ഏ.ഡി. 81–96.
   a. ടൈറ്റസിന്റെ ഇളയ സഹോദരൻ.
   b. താൻ ദേവനെന്നു സ്വയം പ്രഖ്യാപിച്ച ക്രൂരനായ പ്രജാപീഡകൻ. യെഹൂദന്മാരെയും, ക്രിസ്ത്യാനികളെയും, തന്റെ സ്വന്ത കുടുംബാംഗങ്ങളെയും കൊന്നു.

© 2009 Truth for Today